
# അക്ഷരപീടിക

## ഡിജിറ്റൽ മാഗസിൻ ജി.എച്ച്.എസ്.എസ് ആവള കുട്ടോത്ത്




# സന്ദേശം

ആവള കുട്ടോത്ത് ഗവ :ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന്എല്ലാവിധഭാവുകങ്ങളുംനേരുന്നു.ഇത്തരംപ്രവർത്തനങ്ങൾ  നമ്മുടെ സ്കൂളിന് ഒരു മുതൽക്കൂട്ടാവും എന്ന കാര്യത്തിൽ സംശയമില്ല. ഇതിൽ പങ്കാളികളായ എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

എം.എം അശോകൻ

[പിടിഎ പ്രസിഡന്റ്]



# സന്ദേശം

ഡിജിറ്റൽ സാങ്കേതികവിദ്യ സർഗശേഷി പരിമിതപ്പെടുത്തുന്നില്ല.പുതിയ കാലത്ത് അത് സർഗാ-ത്മകതയുടെ വേറിട്ട വാതായനങ്ങൾ തുറക്കുന്നുണ്ട്.ആവള കുട്ടോത്ത് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടെ ഡിജിറ്റൽ മാഗസിൻ പതിപ്പിന് എല്ലാവിധ ഭാവുതങ്ങളും നേരുന്നു.

ബാബു എ പി

പ്രിൻസിപ്പാൾ

ജി എച്ച് എസ് എസ് ആവള കുട്ടോത്ത്



# സന്ദേശം

ശാസ്ത്രസാങ്കേതിക വിദ്യകൾ എല്ലാ മനുഷ്യധ്വാനത്തെയും ലഘൂകരിക്കുന്ന സാകാലം ..... സർഗവാസനയുടെ രചനാ പ്രകടനങ്ങൾ കടലാസിൽ നിന്നും പറന്നുപൊങ്ങി ഡിജിറ്റൽ സ്പേസിൽ നൃത്തംചെയ്യുന്ന ഈ കാലത്ത് രചനകൾ ഡിജിറ്റൽ മാഗസിൻ പ്രസക്തവും പ്രയോഗ പരവുമാണ്. വിദ്യാലയ പഠനത്തിലെ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഭാഗമായി രൂപം കൊണ്ട 'കുട്ടിപ്പട്ടങ്ങളുടെ' ഡിജിറ്റൽ മാഗസിന് ഭാവുകങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം

ബാബു പയ്യത്ത്.

ഹെഡ് മാസ്റ്റർ

# ആമുഖം

സുഹൃത്തുക്കളെ ,

ജി.എച്ച് .എസ്.എസ് ആവള സ്കൂളിലെ ലിറ്റിൽ  കൈറ്റ്സ്
അംഗങ്ങൾ രൂപപ്പെടുത്തിയ ഡിജിറ്റൽ മാഗസിൻ നിങ്ങളിലേക്ക് എത്തുകയാണ് .
ഒരു ചെറിയ വിദ്യാലയമായിട്ടും
നിലവാരമുള്ള കുറെ കൃതികൾ ഈ മാഗസീനിലേക്ക് ലഭിച്ചിട്ടുണ്ട്
വളരെ ആവേശത്തോടെയാണ്  വിദ്യാർത്ഥികൾ ഈ സംരഭ ത്തിന് സഹായം
ചെയ്ത് തന്നത് .ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
സ്കൂളിലെ കമ്പ്യൂട്ടർ ക്ലാസിൽ നിന്നും ലഭിച്ച അറിവു പ്രയോഗിച്ച്
ഈ മാഗസിൻ ഉത്തമമായ ഒരു സൃഷ്ടിയാക്കി മാറ്റി എന്നത്
വളരെ അധികം  ചാരിതാർത്ഥ്യം ഉണ്ടാക്കുന്നു ഈ ഉദ്യമത്തിന്
സഹായസഹകരണം ചെയ്ത എല്ലാ വിദ്യാർത്ഥികളെയും  അധ്യാ പകരെയും
ഹെഡ്മാസ്റ്ററെയും ഈ സന്ദർഭത്തിൽ സ്മരിക്കുന്നു

# താളുകളിലൂടെ....


1. വൈക്കം മുഹമ്മദ് ബഷീർ [തേജാലക്ഷ്മി]
2. ചിത്രം [നൈതിക സർഗ]
3. മരത്തെ നോക്കൂ [സോമൻ കടലൂർ ]
4. നന്ദുവിന്റെ ലോകം [അഫീഫ എം .ടി ]
5. കണ്ണ് [ഹിമ ബി. എസ് ]
6. ചിത്രം [കാവ്യ]
7. ചിത്രം [നൈതിക സർഗ]
8. പുതുമയുടെ നവകേരളം [നവനീത് ]
9. അറബി കഥ [ഇർഷാന]
10. ആഴങ്ങൾക്കപ്പുറം [ഫസ്ല കെ]
11. ചിത്രം [വൈഷ്ണവ് വി. എസ്]
12. ചിത്രം [ദേവപ്രിയ]
13. നിശബ്ദതയിലെ കൊച്ചുവീട് [സനപ്രിയ]

14.അരുതേ കുട്ടിക്കളെ നിങ്ങൾ [ഫാത്തിമ എം കെ]
വീട് വിട്ട് പോവരുതേ

15. ഇംഗ്ലീഷ് പദ്യം [

16. യാത്രാവിവരണം [ഫാബി,ഹിമ &അനാമിക]

17. പ്രേംചന്ദ് [

18. അമ്മ [അക്ഷയ ബി.ആർ ]

19. ചിത്രം [

20. ചാൾസ് ബാബേജ് [അൽത്താഫ് ]

21.അറിവിന്റെ വെളിച്ചം [മെഹസിന ഫാത്തിമ എ]

22. നിഴൽ [സ്വാതി ചോല ]

23. SPC ക്യാമ്പ് റിപ്പോർട്ട് [ ഹിമ,ഫാബി&അനാമിക]

24. ക്രിസ്റ്റഫർ ലഥാം ഷോൾഡ് [ആദിൽ മുഹമ്മദ് ]

25. SPC PROJACT [ലതീഫ്]

26. ചിത്രം [ കാവ്യ]

27. സമർപ്പണം [അനാമിക സി ]

28.ഓർക്കുക വല്ലപ്പോഴും [സാരംഗ് .സി ]

29. ചിത്രം [ അമൃത കുമാർ]

30.ഡഗ്ലസ് ഏംഗൽബർട്ട് [ആദിൽ മുഹമ്മദ് ]

31. അവൾക്ക് പറ്റിയ അമളി [ സ്നിക്ത]

32. ചിത്രം [നൈതിക സർഗ ]

33.ഇത് ജീവിതമോ? അതോ തേങ്ങലോ? [സനപ്രിയ&ആര്യ]

34.കഞ്ഞുണ്ണി മാഷ് [അൽത്താഫ് ]

35. ചിത്രം [ആദിത്ത് സി.എസ്]

36. കാത്തിരിപ്പ് [അക്ഷയ ബി.ആർ]

37. കടംകഥകൾ [ അവന്തിക]

38. ഉള്ളൂർ എസ് പരമേശ്വരയ്യർ [നൈതിക സർഗ]

39.രാജ്യവും രാജ്യസ്നേഹവും [ സാരംഗ് സി എസ്]

40. മൂകസാക്ഷി [ അനശ്രീ.പി.പി]

# പത്രാധിപ സമിതി

1. ശ്രീ. ബാബുരാജ് പയ്യത്ത് - ഹെഡ് മാസ്റ്റർ
2. ശ്രീ . അശോകൻ .എം.എം - പി.ടി.എ പ്രസിഡണ്ട്
3. ശ്രീ. വി.കെ സുരേഷ് കുമാർ - കൈറ്റ് മാസ്റ്റർ
4. ശ്രീ. രാജീവൻ ടി.ആർ - സ്റ്റാഫ് സെക്രട്ടറി
5. ശ്രീമതി ഷീബ .കെ.ആർ - കൈറ്റ്മിസ്ട്രസ്
6. മുഹമ്മദ് ആദിൽ പി 9:B - ലിറ്റിൽ കൈറ്റ്സ് ലീഡർ
7. അൽത്താഫ് 9:B - സ്റ്റുഡന്റ് എഡിറ്റർ
8. നൈതിക സർഗ 9:A - സ്റ്റുഡന്റ് എഡിറ്റർ
9. തേജാലക്ഷ്മി 9:A -
10. ഇർഷാന കെ 9:C -
11. ഫാത്തിമ എം കെ 9:A -
12. ലാമിയ.എം 9:C -



# വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ **സുൽത്താൻ** എന്ന അപരനാമത്തിലും അറിയപ്പെടുന്ന **വൈക്കം മുഹമ്മദ് ബഷീർ** (**ജനനം**:21 ജനുവരി 1908 തലയോപ്പറമ്പ്

ജനുവരി1908 തലയോപ്പറമ്പ്,**മരണം**: 5 ജൂലൈ 1994 ബോപ്പൂർ കോഴിക്കോട്

1982 ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.1908 ജനുവരി 21[2] ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലോയോപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ാ ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്.കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്.1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ

തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും,സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാട്ടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച **തങ്കം** ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

തേജാലക്ഷ്മി ബി.

# മരത്തെ നോക്കൂ

മരത്തെ നോക്കൂ.....
മഴയിൽ മഴയാകുന്നു
മഞ്ഞിൽ മഞ്ഞാകുന്നു
വേനലിൽ വേനലാകുന്നു



മനുഷ്യനെ നോക്കൂ
മഴവരുമ്പോഴും
മഞ്ഞു വരുമ്പോഴും
വേനൽ വരുമ്പോഴും
വാതിലടച്ച് അകത്തിരിക്കുന്നു

ഓരോ ഋതുവിലും ഋതുവാകുന്നു മരം
ഓരോ ഋതുവിലും മൃതനാകുന്നു നരൻ .

**സോമൻ കടലൂർ**

# നന്ദുവിന്റെ ലോകം

വല്ലാത്ത മുഷിപ്പ്.വായിക്കാനൊന്നുമില്ല.പഠനമേശനിറയെ പുസ്തകങ്ങൾ വാരി വലിച്ചിട്ടിരിക്കുന്നു.എല്ലാം പലപ്പോഴായി വായിച്ചു തീർത്തവയാണ്. ടാബെടുത്തുനോക്കി അതിൽ ചാർജ്ജുണ്ടായിരുന്നു.പലതവണ കളിച്ചുമടുത്ത ഗെയിം അണെങ്കിലും ഒന്നുകൂടി കളിച്ചു.കുറച്ചു കഴിഞ്ഞപ്പോൾ അതും അവിടെവച്ച് ടി.വി ഓൺ ചെയ്തു.അതിലൊന്നും വലിയ രസമില്ലെന്ന് തോന്നിയപ്പോൾ അടഞ്ഞുകിടന്നിരുന്ന ജനാല പതുക്കെ തുറന്നു.വീടിനപ്പുറത്തെ ഗ്രൗണ്ടിൽ നിന്നും കളിയുടെ അരവങ്ങൾ മുഴങ്ങി.നന്ദുവിന്റെ കൂട്ടുകാർ വൈകുന്നേരത്തെ കളി അരംഭിച്ചുകഴിഞ്ഞു.കൂട്ടുകാരോടൊപ്പം കളിക്കണമെന്ന് തോന്നി.ജനലടച്ച് കൊളുത്തിട്ടു.നന്ദു അമ്മയെ തിരക്കി അടുക്കളയിലേക്ക് പോയി.അമ്മ ഫോണും നോക്കിയിരിപ്പാണ്.നന്ദുവിന്റെ വിളിയെ അമ്മ കാറ്റിൽ പറത്തി.ചേച്ചിയുടെ അടുത്തുപോയപ്പോഴും ഇതുതന്നെ സ്ഥിതി.ചേട്ടന്റെ ഫോൺ തട്ടിപറിച്ചോടി.അതിനൊരു തല്ലും കിട്ടി.മനസ്സിന്റെ ഭിത്തിയിൽ തിരമാലകൾപ്പോലെ ദേഷ്യം ആഞ്ഞടിച്ചു. തിരികെ റൂമിൽ കയറി വാതിലടച്ചു കിടന്നു.നിദ്രാദേവി വന്നു അനുഗ്രഹിച്ചു.വാതിലിൽ ഒരു മുട്ടുകേട്ടാണുണർന്നത്.വാതിൽ തുറന്നു നോക്കിയപ്പോൾ വേലക്കാരി രുഗ്മിണിചേച്ചിയാണ്.ചോദിച്ചിട്ട് കാര്യമില്ലെന്നറയാമെങ്കിലും ധൈര്യം സംഭരിച്ച് ചോദിച്ചു.

“രുഗ്മിണിച്ചേച്ചി ഞാൻ കളിക്കാൻ പോട്ടേ”.

" നീ നിന്റെ അമ്മയോട് ചോദിക്ക്"

“ഞാൻ ചോദിച്ചു"

“അമ്മ എന്തു പറഞ്ഞു"


“അമ്മ ഒന്നും പറഞ്ഞില്ല.”

“മോനെ നീ കളിക്കാൻ പോയാൽ നിന്റെ വസ്ത്രത്തിലൊക്കെ അഴുക്കുപുര-

ളും.അഴുക്കിൽ കുളിക്കുക ചീത്തക്കുട്ടികളാണ്.''
മനസ്സിൽ ദേഷ്യം തിളച്ചു മറിയുന്നെണ്ടെങ്കിലും അത് പുറത്തുകാണിച്ചില്ല.
രാത്രി അച്ഛൻ വന്നപ്പോൾ അച്ഛനോട് ചോദിച്ചു.
"അച്ഛാ ഞാനിനി വൈകുന്നേരം കളിക്കാൻ പോട്ടേ"
"നിനക്ക് നിന്റെ ടാബിൽ ഗെയിം കളിക്കരുതോ"
"ഗെയിം കളിച്ച് മടുത്തു അച്ഛാ"
"എന്നാൽ ഞാൻ നിനക്കൊരു മൊബൈൽ ഫോൺ വാങ്ങിത്തരാം"
"അച്ഛാ എനിക്ക് ഫോൺ വേണ്ടച്ഛാ...എനിക്ക് കളിക്കാൻ പോയാൽ മതിയച്ഛാ"
"നീ കളിക്കാൻ പോയാൽ ഞാൻ നിനക്ക് ഫോൺ വാങ്ങിത്തരില്ല"
"വാങ്ങി തരണ്ടച്ഛാ"
ഇനി കൂട്ടുകാരോടൊത്ത് കളിക്കാൻ പോകാമെല്ലോ എന്നോർത്ത് ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

**അഫീഫ.എം.ടി**

# സംസ്ഥാന കലാമേളയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കാർട്ടൂൺ




ജെന്ന മെറ്റിൽ .എ.കെ
10 C

# കണ്ണ്

ജീവിതമാകുന്ന പാതയിൽ എന്നും എൻ കൂടെ

പ്രകാശം നൽകി നീ............


അന്നും ഇന്നും എന്നും എന്നൊപ്പമുണ്ട് നീ....
ജീവിതമാം നീരൊഴുക്കിൽ ഒരിക്കലും
വേർപെടാത്ത കൈവഴികൾ പോലെ
നീ എന്നിൽ അടിച്ചേൽപ്പിച്ച കാഴ്ചകൾ
മണ്ണോടടിഞ്ഞാലും മണ്ണിലലിഞ്ഞാലും
നീയെനിക്ക് സമ്മാനിച്ച മറക്കാനാകാത്ത
സുന്ദര നിമിഷങ്ങൾ
നീ ഇല്ലായിരുന്നെങ്കിൽ എന്റെ ലോകം വെറും

കരിംഗുഹകൾ മാത്രമായിരുന്നു................
നീ എന്നൊപ്പമുള്ളപ്പോൾ ഞാൻ
പിടിച്ചടക്കുന്നത് ഈ ലോകം തന്നെയാണ്
ഈ ലോകത്ത് ഞാൻ ഏറ്റവും കടപ്പെട്ടുന്നത്
നിന്നോടാണ്

എന്റെ പ്രിയ നേത്രമേ.........................

**ഹിമ.ബി.എസ്**

**9:B**



By Kavya. M.M
VIII.C



# പുതുമയുടെ നവകേരളം

നമ്മുടെ കേരളത്തെ നാം പുതുക്കിപണിയുമ്പോൾ ഏറെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. പ്രളയത്തിനുത്തവാദി ആരെന്ന ചോദ്യം പ്രളയസമയത്ത് ചാനൽചർച്ചകളിൽ നിറഞ്ഞാടിയ വിഷയമാണ്.ഇതിന് ഉത്തരം ഓരോരുത്തരുമാണെന്ന മഹത്തായ സത്യം തിരിച്ചറിയാതെ ഹരിതംവർണ്ണ ശഭളമായ നമ്മുടെ ആ പഴയ കേരളമാണ് തിരിച്ചെത്തിക്കേണ്ടത് അല്ലാതെ പല പ്രവർത്തികളും പോലെ മനുഷ്യൻ മാത്രം അവശേഷിക്കുന്ന സമ്പ്രദായമാണോ വികസനമെന്ന് ചോദിക്കുന്നത് പോലെയുള്ള പ്രഹസനങ്ങളാവരുത് പുതുകേരളത്തിലെ നിർമാണങ്ങളും വികസനങ്ങളും നദീതീരത്തോ നദികൾ കയ്യേറുകയോ കുന്നുകൾ ഇടിച്ചോ ഖനനം നടത്തിയോ,വയലുകൾ നികത്തിയോ ഉള്ള ഒരു ചെറുക്കുടിൽപോലും നവകേരളത്തിൽ ഉയരരുത്. പ്രകൃതിലോലപ്രദേശങ്ങളിൽ ഒരു കോൺക്രീറ്റുകെട്ടിടം പോലും ഉയരരുത്.മലകളിലെ ജലസംഭരണികളായ ചെങ്കൽ ഖനനം ചെയ്ത് ഒരു പ്രവർത്തിയും നമ്മുടെ ഈ നവകേരളത്തിൽ ഉണ്ടാകാൻ പാടില്ല. നിരന്തരം പ്രകൃർതിദുരന്തങ്ങളുണ്ടാവുന്ന രാജ്യത്തെടുക്കുന്ന നടപടികൾ പോലെ ഔചിത്യപൂർണ്ണമായൊരു നടപടി നാം കൈകൊള്ളണം. നമ്മുടെ നവകേരളത്തിൽ വന്യജീവികളുടെ സംരക്ഷണത്തിനും പരിഗണനലഭിക്കേണ്ടതായുണ്ട്. നവകേരളം ഹരിതസമ്പത്തും കൃഷിയും നിറഞ്ഞതായിരിക്കേണ്ടതുണ്ട്. കൂടാതെ നമ്മുടെ പ്രളയകാലത്ത് നന്മയുടെ കൈത്താങ്ങുമായെത്തിയ ജൈസലിക്കപോലുള്ള മത്സ്യതൊഴിലാളികളും ജനങ്ങളും ജില്ലാകലക്ടർമാരും നന്മയുടെ പൂമരമായി പ്രഭചൊരിഞ്ഞു.നന്മനമ്മെ

വിട്ടുകന്നില്ലന്നപാഠം പ്രളയം നമ്മെ ഒർമിപ്പിച്ചു.പ്രളയത്തെ നമ്മൾ ഒരുമിച്ച് നേരിട്ട് പോലെ ഒരുനവകേരളത്തേയും നമുക്ക് ക്കൂട്ടായ് പണിതുയർത്തണം. ഇതിൽ ഒട്ടേറെ കര്യങ്ങൾ നാം ശ്രുദ്ധിക്കേണ്ടതുണ്ട്. അനതികൃതമായി വയലും പുഴയും കയ്യേറിനിർമിക്കുന്ന ഫ്ലാറ്റും, മാളും,എയർപ്പോട്ടും ഒന്നും നമുക്കുവേണ്ട ഒരുദിവസത്തെ മഴക്ക് അല്ലെങ്കിൽ പ്രകൃതിക്ക് കർന്നെടുക്കാവുന്നതേയുള്ളൂ അവ ഇനി നമുക്ക് വേണ്ടത് ഒരുജ്ജീവിയെയും ഉപദ്രവിക്കാതെയുള്ള വികസനമാണ് നമുക്കാവിശ്യം,ചെറിയപരിക്ക് പറ്റിയ വലിയക്കെട്ടിടങ്ങൾക്കല്ല നാം പ്രധാന്യം നൽകേണ്ടത്. പൂർണമായിനശിച്ച വീടുകൾക്കാണ് ക്കൂടാതെ നദികൾ കയ്യേറിയതും വയൽ കയ്യേറിയതുമായുള്ള അത്തരം വീടുകൾക്കും അവിടെ വാസം അനുവതിച്ചു കുട്ടനാട്ടിൽ എത്രയോ സർക്കാർ അധീനതയിലുള്ള തരിശുഭൂമികളുണ്ട്.അത് അതിനായി ഉപയോഗപ്പെട്ടു ത്തേണ്ടതുണ്ട്. ഈ പ്രളയം നമുക്കോർമപ്പെടുത്തലാണ് ഇനിയങ്കിലും നാം നഗരവൽകരണത്തിന് പിറകെ പോകാതെ ഇത്തരം പ്രകൃതിയോടിണ-ങ്ങയരീയിൽ ഉള്ള വികസനം നടത്തണമെന്നും ഇല്ലെങ്കിൽ പ്രകൃതിയുടെ ശക്ഷ ഇതിലൊന്നും തീരില്ലെന്നും  ഈ പ്രളയം നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

**നവനീത്.എം**

# سقوط راجو

كان راجو بناءا ماهرا. يعمل كل يوم صباحا ويرجع مساءا الى البيت .بلوازم البيت والحلويات. هكدا اسرة راجو مسرورا. دات يوم دعا الاصدقاءه الى الوليمة . فحينؤد يشربون الخمر ويدعونه شرب الخمر وقال راجو : لا اشرب الخمر . احبر الاصدقاء. وقالو : اشرب اليوم مرة لا تداوم الخمر. فشرب الخمر . فدخل الى عالم المخمرات. بعد دلك يشرب كل يوم الخمر. صار مدمن الحمر. يعمل كل يوم لا يعتنى الاسرة لا يعتي بلولزم البيت. الاولاد يخافون قدوم الوا لد.كرهة زوجة والاولاد راجو طرده من البيت. عادر البيت وتجول فى طريق. هكدا وقع راجو من الفخ المخمرات ضاعة والاسرة وضاعة الحياة .

ارشانة . كي

٩.س

## ആഴങ്ങൾക്കപ്പുറം

അജ്ഞതയുടെ വേലിക്കപ്പുറം, ശാന്തമായ്

സുഖ നിദ്രയിൽ ലയിക്കയാണാ കടൽ

നിദ്രയുടെ യാമങ്ങളിൽ ചരിത്ര

പ്രയാണങ്ങളുടെ ചെപ്പ് തുറന്നിട്ടിരിക്കുന്നു.

പുകമാഞ്ഞു മൂടിയ പുലരിയുടെ മൂകതയിൽ

രക്തപുഷ്പ്പങ്ങളുടെ സൗരഭമുണ്ട്.

കാലത്തിന്റെ ഗതിമാറ്റത്തിനനുസൃതമായി ഓളങ്ങളിൽ

തട്ടി ഒഴുകുന്ന ശരീരങ്ങൾ;ഹൃദയത്തുടിപ്പുകൾ

ഇരകളിലോരോന്നിനെയും കാലത്തിന്റെ ആധിക്യംകൊണ്ട്ചരിത്രം

വിഴുങ്ങപ്പെടുന്നു.കടലിന്റെ ചുഴലിയിൽ പൊലിയുന്ന

നവജിവിതങ്ങൾഉറ്റവരുടെ നൊമ്പരങ്ങൾ, ചുടുനിശ്വാസങ്ങൾമത്സ്യകന്റെ

പ്രതീക്ഷകൾ, വിദേശികളുടെ സ്വപ്നങ്ങൾ.കണ്ണീരും കിനാവുമായി

ആക്കരെക്ക് ചേക്കേറിയവർകടലിന്റെ മടിത്തട്ടിലെവിടയോ പഴുതടച്ച

കിനാവുമായി ഉറക്കം തുങ്ങിയിരിപ്പൂ.

**ഫസ്ന .കെ**


16/1/2019


Devapoiya.S
IX.C

# നിശബ്ദതയിലെ കൊച്ചുവീട്

അങ്ങ് ദൂരെ.... ഒരു കൊച്ചുഗ്രാമം.ഗ്രാമവാസികൾ വളരെ സന്തോഷത്തോടെയും സുഖസൗകര്യങ്ങളോടെയും ജീവിച്ചിരുന്നു.അങ്ങനെയിരിക്കെ തെക്കേവീട്ടിൽ ഒരു സുന്ദരിയായ പെൺകുട്ടിയും അവളുടെ അമ്മയും കഴിഞ്ഞിരുന്നു.അച്ഛൻ മുഴു കുടിയ നായിരുന്നു.എന്നും ആ വീട്ടിൽ വൈകുന്നേരമാകുമ്പോഴേക്കും  കലഹങ്ങളായിരു ന്നു.അങ്ങനെയിരിക്കെ  ഒരു ദിവസം  നല്ല  മഴയുണ്ടായിരുന്നു.അന്ന്  ഇദ്ദേഹം മഴ നനഞ്ഞ് വരുമ്പോഴായിരുന്നു വീടിന്റെ  വാതിലുകൾ ചാരിക്കിടക്കുന്നു.അയാൾ പതുക്കെ ഒന്ന് എത്തിനോക്കി.നല്ല കാറ്റു വീശുന്നുണ്ടായിരുന്നു.ജാലകപ്പോളകൾ ഗംഭീരമായ ശബ്ദത്തോടെ അടയുകയും തുറക്കുകയും ചെയ്യുന്നുണ്ടായിരുന്നു.അയാൾ ഭാര്യയായ സുമിത്രയെ വിളിച്ചുകൂവി. നിശബ്ദമായ കണ്ണുകളാൽ  അവൾ അയാളെ നോക്കിനിന്നു.അന്നും അദ്ദേഹം മുയിക്കുടിയനായണ്.വന്നതെന്ന് അവൾ വിചാരി ച്ചു.അങ്ങനെ ഇരിക്കെയാണ് മൂടി പുതച്ചുറങ്ങുകയാണ് സുന്ദരിയായ പെൺക്കുട്ടി. ഇറങ്ങിവരുന്നത് അച്ഛന്റെ മുഖം കണ്ട് അവൾക്ക് സന്തോഷമായി അവൾകെട്ടി പിടിച്ചുകൊണ്ടുപറഞ്ഞു ഈ അച്ഛനെകാണുവാൻ നാളുകളായി ഞാൻ കാത്തുരിക്കു കയാണ്.എല്ലാം കഴിഞ്ഞു ഇനി ഈ അച്ഛനായിരുന്നാൽ മതി ഞങ്ങളുടെ സ്വന്തമാ യി മാത്രം.മിന്നൽ വെളിച്ചം അദ്ദേഹത്തിന്റെ കണ്ണുകളിൽ തട്ടി തെറിച്ചുപോയി അപ്പോയും മകളുടെ ചിരി മായാതെ തന്നെ കിടന്നു. അവർ മൂന്നു പേരും ഉറങ്ങാൻ കിടന്നു ഉറങ്ങികിടക്കുന്ന അയാളെ കണ്ട് സുമിത്രയ്ക്ക് സന്തോഷമായി.അങ്ങനെ പ്രഭാതം  പെട്ടെന്നു തിരിച്ചുവന്നു.  സുമിത്ര പ്രഭാത ഭക്ഷണം ഉണ്ടാക്കി ഇദ്ദേഹത്തെ വിളിക്കൻ റൂമിൽ ചെന്നു നല്ല ഉറക്കാണ് ശല്യപ്പെടുത്തേണ്ട എന്ന് വിചാരിച്ച് അവൾ ഇറങ്ങി വന്നു. മകൾ കോളേജിലേക്കുള്ള യാത്രയിൽ ഒരു പയ്യനെ കണ്ടുമുട്ടി ബസ്സിലെ പിടിവിട്ട് അവൾ അവന്റെ കൂടെ ഇറങ്ങി പോയി എന്തൊരു മഴ കുടയില്ലാതെ നനഞ്ഞ് കുതിർന്ന അവളെ കണ്ട് അവന് ചിരി വന്നു. ചിരിയോടെ അവൾ ചോദിച്ചു . നീ എന്താ ഇവിടെ  ഹേയ്.....ഒന്നു മില്ല അവൻ പറഞ്ഞു . നീ ക്ലാസിന് പോവുകയല്ലേ ആന്റി വീടിൽ ഉണ്ടോ

ഉണ്ടെന്ന് പറഞ്ഞ് സ്വന്തം വല്യേട്ടനോട് ബായ് പറഞ്ഞ് അവൾഅടുത്ത ബസ്സിനായി കാത്തുനിന്ന ക്ലാസിലെത്തിയ അവൾഇന്നലെത്തെഅച്ഛനെ കുറിച്ച് ആലോചിക്കാൻ തുടങ്ങി .എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല എന്നാലും അച്ഛന്റെ ജീവിതത്തിൽ മാറ്റംഉണ്ടായാലോആശ്വസിച്ചുകൊണ്ട് അവൾ ഒന്ന് നിശബ്ദമായി അവളുടെ കണ്ണുകൾ നിറഞ്ഞു കൂട്ടുകാർ ചോദിക്കാൻ തുടങ്ങി നീയെന്തിനാ കരയുന്നതെന്ന് അവൾക്ക് മറുപടി പറയാൻ കഴിയുന്നുണ്ടായിരുന്നില്ല അവൾ നിറഞ്ഞ കണ്ണുകൾ തുടച്ച് ക്ലാസിൽ നിന്നും ഇറങ്ങി വീടിലേക്ക് യാത്രതുടങ്ങാൻനിൽക്കുമ്പോയാണ് ഒരു ചെറിയ ശബ്ദം കേട്ടത് അവൾ നാലുചുറ്റം തിരിഞ്ഞ് നോക്കി.സമയം പോയത് അറിഞ്ഞില്ല പെട്ടെന്നുതന്നെ ബസ്സിൽ കയറി അവൾ വീട്ടിലേക്ക് യാത്ര തുടങ്ങി വീട്ടിലെത്തിയ അവൾ അമ്മയെ ഉറക്കെ വിളിച്ചു. അമ്മേ...അമ്മേ... എന്താ പെണ്ണേ ഇങ്ങനെ വിളിക്കുന്നത്. ഒന്നും ഇല്ല അച്ഛൻ എവിടെ അച്ഛൻ അവിടെ നിന്ന് മണ്ണു കിളക്കുകയാണ് സന്തോഷതൊടെ അവൾ ചോദിച്ചു ആണോ... എന്താ നീ അങ്ങനെ ചോദിക്കാൻ ... ഹേയ് ഒന്നുമില്ല.അവൾ പറഞ്ഞു അങ്ങനെ നാളുകൾ കഴിഞ്ഞുപോയി അവൾ ഒരു മുതിർന്ന ഒരു പെൺകുട്ടിയായി. കല്ല്യാണ മൊക്കെ കഴിഞ്ഞ് കഴിയുമ്പോഴായിരുന്നു അച്ഛന്റെ അസുഖം ജീവിതം ദുരിതത്തിലാവാൻ തുടങ്ങി എത്ര പറഞ്ഞിരുന്നു.പണ്ട് കുടിച്ചുക്കുടിച്ച് വരരുതെന്ന് ഇപ്പോൾ മനസ്സിലായില്ലേ ഇതിന്റെയൊക്കെ ഭവിഷത്ത് അനുഭവിച്ചോ ദേഷ്യവും സങ്കടവും അടക്കാൻ കഴിയാതെ അവൾ അലറാൻ തുടങ്ങി .അച്ഛന്റെ മരണം പെട്ടെന്നായിരുന്നു .അത് എല്ലാം കഴിഞ്ഞ് വീടൊരു നിശബ്ദതയിലേക്ക് ജീവിതം തകിടം മറിഞ്ഞ് സുമിത്ര ഇനി ഒറ്റയ്ക്ക് അതെ അവിടം വിശബ്ദമാണ് തെക്കൻക്കാറ്റ് അവളു ടെ മുടിയിഴകളിലൂടെ തട്ടിതടഞ്ഞ് പോയി. അതെ അത് ദു:ഖത്തിന്റെ കാറ്റാണ്.അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ചൊരിഞ്ഞു വീണു. നിശബ്ദതയിലേക്ക് അവൾ മറഞ്ഞു പോയി.............

**സനപ്രിയ 8A**

# അരുതേ കുട്ടികളേ നിങ്ങൾ വീട് വിട്ട് പോവരുതേ...

ഒരു ഗ്രാമത്തിൽ ദരിദ്രരായ ഒരു കുടുംബം ജീവിച്ചിരുന്നു.ഉപ്പ-
യുടെ ശല്യം സഹിക്കവയ്യാതെ ഉമ്മാക്കും മക്കൾക്കും ജീവി-
ക്കേണ്ടി വന്നു. അങ്ങനെ അവർ ജീവിച്ചു പോകുമ്പോൾ അവരുടെ മകനായ
അൻവർ വീട് വിട്ട് ഇറങ്ങി. അപ്പോൾ
അവൻ ഒരു കത്തെഴുതിയിരുന്നു.

" ഉമ്മാ.... ഞാൻ ഉപ്പയുടെ ശല്യം സഹിക്കവയ്യാതെ വീട്
വിട്ട് ഇരങ്ങിയിരിക്കുന്നു. ഞാൻ പണിയെടുത്ത് എങ്ങനെ-
യെങ്കിലും ജീവിച്ചുകൊള്ളാം. എനിക്ക് ഉപ്പയുടെ മർദനം സഹിക്കാൻ കഴിയുന്നില്ല.
"ഇൻഷാ അള്ളാ " ഞാൻ ജോലി ചെയ്ത് ഉമ്മയെയും അനുജത്തിയെയും രക്ഷിക്കും.
നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം.

അന്ന് അവൻ സകൂൾ വിട്ട് നേരെ റെയിൽ വേ സ്റ്റേഷനിലേക്ക്
നടന്നു.അപ്പോഴെക്കും ട്രെയിൻ എത്തിയി-
രുന്നു.അവൻ അതിൽ കയറി വല്ലാത്ത ക്ഷീണം.അവനറിയാതെ
ഉറങ്ങിപ്പോയി.അവൻഉറക്കമുണ
ർന്നു.നോക്കുമ്പോൾ അടുത്ത് ഒരു വൃദ്ധൻ ഇരിക്കുന്നുണ്ട്.
അവൻ വീട് വിട്ട് ഇറങ്ങിയതാണ് എന്ന് ആ വൃദ്ധന്
ബോധ്യമായി."നിന്റെ പേര് എന്താണ്?"അവൻ പറഞ്ഞു

"എന്റെ പേര് അൻവർ".

"അൻവറിന് വിശക്കുന്നുണ്ടോ?"

"അതെ".

ആ വൃദ്ധൻ  തന്റെ കയ്യിലുണ്ടായിരുന്ന കവറിൽ നിന്നും റൊട്ടിയും ജാമും അവന് എടുത്തു കൊടുത്തു."ഇത് കഴിച്ചോളൂ

അൻവറേ" ശേഷം ആ വൃദ്ധൻ അൻവറിനോട് പറഞ്ഞു.നീ

ഇന്നു മുതൽക്ക് എന്റെ കൂടെ കഴിഞ്ഞോളൂ.അവൻ സമ്മതം-മൂളി .നല്ല സ്നേഹത്തോട് കൂടെ അവനെ കൊണ്ടു പോയി.

വീടിന് മുമ്പിൽ എത്തിയപ്പോൾ അൻവറിനെ മുറ്റത്തേക്ക്

ഒറ്റ തള്ള്. അൻവറിന് ഒന്നും പിടികിട്ടിയില്ല. ഇവിടെ നിന്റെ അന്ത്യമാണ് ഈ കണ്ണുകാണാത്തവരാണ് നിന്റെ കൂട്ടുകാർ. ഇതുപോലെനീയും ആയിത്തീരാൻ പോവുകയാ

ണ്.അവന്റെ രണ്ടുകണ്ണും ചൂഴ്ന്നെടുത്ത് അവനെ അവരുടെ കൂട്ടത്തിൽ ഇട്ടു. അതേ സമയം അവന്റെ വീട്ടിൽ നിന്ന് ഭയങ്കര ബഹളവും കരച്ചിലും . പത്രത്തിലും ടീവിയിലുമെ-

ല്ലാം കൊടുത്തു അൻവറിനെ കുറിച്ച് യാതൊരു പ്രതികരണ-

വുമില്ലായിരുന്നു.അൻവർ നല്ലൊരു ഗായകനായിരുന്നു. അൻവർ ആ ഇരുട്ടിൽ നിന്നും രക്ഷപ്പെടാൻ തീരുമാനിച്ചു.

കാരണം ഇനിയിവിടെ നിന്നാൽ അവന്റെ വൃക്കയും കരളും

അവർ മുറിച്ചെടുക്കും. അതിനാൽ അവൻ രക്ഷപ്പെടാൻ തീരു

മാനിച്ചു.പക്ഷേ എങ്ങനെ രക്ഷപ്പെടാൻ ചുറ്റും കാവൽക്കാരാ-

യിരുന്നു. ഒരു ദിവസം അൻവർ രാത്രി എഴുന്നേറ്റ് തപ്പിപ്പിച്ച്

ഓടി.അവൻ റെയിൽ വേ സ്റ്റേഷനിൽ എത്തി. അവിടെ നിന്നും ഒരു നല്ല പാട്ടുപാടി.

" ഉമ്മാന്റെ കാലടി പാടിലാണ് സുവർഗം കേട്ടോളീ"

ആളുകളവിടെ തടിച്ചുകൂടി.അവിടെ നിന്നും ഒരാൾ പറഞ്ഞു:

ഇന്നുമുതൽ നീ എന്റെ കൂടെ കയിഞ്ഞാൽ മതി. നിന്റെ ഉപ്പയാണ് ഞാൻ.ഉപ്പയൊ അതെന്താണ് ?എന്റെമകനാണ്

നീ എന്ന് അവർ സമ്മതിച്ചു.നീ എന്റെ വീട്ടിലേക്ക് പോരുക.അങ്ങനെ അവൻ വിട്ടിലേക്ക് പോയി.ആവിടുകാർക്ക് അവൻ നല്ല നല്ല പാട്ടുകൾ പാടി കൊടുത്തു.അവിടെ നിന്നു അൻവറിനെ ഒരുഗാനവമേളയുടെ

ഉടമെസ്ഥൻ കൊണ്ടുപോയി .അവന്റെ ഉപ്പ രോഗം ബാധിച്ച് മരിച്ചിരുന്നു. അവന്റെ ഉമ്മയും കൊച്ചനുജത്തിയും പെട്ടിയും

കെട്ടുമായി ഇറങ്ങിയിരുന്നു. അവർ റെയിൽവേ സ്റ്റേഷനിൽ

എത്തിയപ്പോൾ ഒരു മധുരമായ ഗാനം കേട്ടു . (ഉമ്മാന്റെ

കാലടിപ്പാടിലാണ് ) അപ്പോൾ അൻവറിന്റെ അനുജത്തി

പറഞ്ഞു.ഉമ്മ നമ്മുടെ ഇക്കാക്കന്റെ പാട്ട് . അവർ ഗാനം കേട്ടസ്ഥലത്തേക്ക് നീങ്ങി .എന്റെ മകൻ തന്നെ പക്ഷേ കണ്ണില്ല പെറ്റുമ്മാക്ക് തന്റെ കുഞ്ഞനെ തിരിച്ചറിയാതിരി  ക്കില്ല . ഉമ്മയും അനുജത്തിയും വേദിയിലേക്ക് ഓടി .

അൻവറെ .. അതെ അൻവർ തന്നെ . അവർ അൻവറിനെ

കെട്ടിപ്പിടിച്ച് സന്തോഷം പ്രകടിപ്പിച്ചു .

**ഫാത്തിമ .എം .കെ  9 A**

# Inclination

**By R Ramachandran**
**Translation : K T Dinesh**

The twilight vanished beyond the paddy fields,
Through the blooming lane of Vaka trees

The gentle wind fluttering its wings
In the wild mussaenda grove on the river bank

The dark shade of the banyan tree
longing for night slumbering unknowingly.

Like a sad saga lingering in the heart
The murky world stretches out.

Like a tender kannanthali flower
Blooming in the twilight silence

Like an idol on the country cross roads
Left unnoticed by passer-by

Someone in fresh glee
is calling out my soul dwelling in seclusion.

That sweet voice is familiar to me
And in it submerged.

The dreams of the moonlit night
Wandering on the distant mountain crests in dismay

And the pains in the eyes are obvious
in the depths of the cloud sky

Tears brimming in memory
of a summer night of silent separation.

That sweet voice is familiar  to me
As one inherits the voice

My days are desolate and anxious
Like a deserted bower sighing

Bashful in giving a reply
My soul hides in darkness dejected

-----------------------------------------------------------------------------------------

## യാത്രാവിവരണം

# തണലായ് S P C

തണലുകളില്ലാത്ത ഇലകൾ കൊഴിഞ്ഞുപോയ ഒരു മരത്തിലേക്കുള്ള യാത്രയായിരുന്നു അത്.അതിലെ ഓരോ ചില്ലകളുമായിരുന്നു അവിടെയുള്ള ഓരരുത്തരും.ഉദയസൂര്യ-

ന്റെ കിരണങ്ങളേറ്റ് രാവിലെ എട്ടു മണിയോടെ ഞങ്ങൾ

യാത്രയാരംഭിച്ചു.ബസ്സിലെ കളിചിരികളും തമാശകളും തണലിലേക്കുള്ള ചുവടുവെപ്പിൽ ഒരു മിന്നായമെന്നപോലെ

മാഞ്ഞുപോയി. അവിടെ കണ്ട ഓരോ കണ്ണുകളിലും നിഷ്കള-

ങ്കത പ്രകടമായിരുന്നു.എണ്ണമറ്റ മുത്തശ്ശിമാരെയും മുത്തശ്ശന്മാ

രെയും ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞു.ജാതിമത-

ഭേതമന്യേ ഒത്തൊരുമിച്ചു കഴിയുന്ന ഒരു വൃദ്ധ സമൂഹം തന്നെയായിരുന്നു അവിടം.നിരവധി വാർഡുകൾ ഞങ്ങൾ സന്ദർശിച്ചു.അൽപ്പനേരത്തേക്കെങ്കിലും അവരുടെ ദുഃഖങ്ങ-

ളെ മായ് ച്ചു കളഞ്ഞുകൊണ്ട് നിരവധി കലാപരിവാടികളും

സാന്ത്വനവാക്കുകളും ഞങ്ങൾ അവർക്ക് സമ്മാനിച്ചു.മാന-

സികമായും ശാരീരികമായും വൈകല്യങ്ങളുണ്ടെങ്കിൽ പോലും അവർ ഞങ്ങളോടൊത്ത് സല്ലപിച്ചു.അവിടെയു-

ണ്ടായിരുന്ന ഓരോരുത്തരുടെയും അനുഭവങ്ങൾ ഞങ്ങളെ വേദനിപ്പിച്ചു.സ്ത്രീവാർഡും പുരുഷവാർഡുമുൾപ്പെടെ എല്ലാ ഇടങ്ങളും ഞങ്ങൾ സന്ദർശിച്ചു.അവർക്ക് സമ്മാനിക്കാനായ്

ചില ആവശ്യസാധനങ്ങളും ഞങ്ങൾ കൊണ്ടുപോയി. എസ്

പി സി യുടെ അച്ചടക്കവും ഞങ്ങൾ മറക്കാതെ സൂക്ഷിച്ചു.

ഒന്നിനും ഒരു കുറവുവരാത്തരീതിയിൽ അവർക്കു വേണ്ട എല്ലാ പരിചരണവും അവിടെ ലഭ്യമായിരുന്നു.നമ്മുടെ ജീ-

വിതത്തിൽ ഇഴയടുപ്പമുള്ള ഏറ്റവും നല്ല കണ്ണികളാണ് അച്ഛ-

നും അമ്മയും.അവരുടെ മൂല്യമെന്തെന്നും അവരെ കാത്തുസൂ-

ക്ഷിക്കാനുള്ള എത്രത്തോളമുണ്ടെന്നും ഈയൊരു യാത്ര-

കൊണ്ട് എസ്.പി.സികുട്ടികളായഞങ്ങൾക്ക് ബോധ്യപ്പെട്ടു.

**അനാമിക,ഹിമ& ഫാബി**

# प्रेमचंद

का जन्म ३१ जुलाई १८८० को वाराणसी के निकट लमही गाँव में हुआ था। उनकी माता का नाम आनन्दी देवी था तथा पिता मुंशी अजायबराय लमही में डाकमुंशी थे। [5] उनकी शिक्षा का आरंभ उर्दू, फारसी से हुआ और जीवनयापन का अध्यापन से पढ़ने का शौक उन्हें बचपन से ही लग गया। 13 साल की उम्र में ही उन्होंने *तिलिस्म-ए-होशरुबा* पढ़ लिया और उन्होंने उर्दू के मशहूर रचनाकार रतननाथ 'शरसार', मिर्ज़ा हादी रुस्वा और मौलाना शरर के उपन्यासों से परिचय प्राप्त कर लिया[6]। १८९८ में मैट्रिक की परीक्षा उत्तीर्ण करने के बाद वे एक स्थानीय विद्यालय में शिक्षक नियुक्त हो गए। नौकरी के साथ ही उन्होंने पढ़ाई जारी रखी। १९१० में उन्होंने अंग्रेजी, दर्शन, फारसी और इतिहास लेकर इंटर पास किया और १९१९ में बी.ए.[7] पास करने के बाद शिक्षा विभाग के इंस्पेक्टर पद पर नियुक्त हुए।
सात वर्ष की अवस्था में उनकी माता तथा चौदह वर्ष की अवस्था में पिता का देहान्त हो जाने के कारण उनका प्रारंभिक जीवन संघर्षमय रहा। [8] उनका पहला विवाह उन दिनों की परंपरा के अनुसार पंद्रह साल की उम्र में हुआ जो सफल नहीं रहा। वे आर्य समाज से प्रभावित रहे[9], जो उस समय का बहुत बड़ा धार्मिक और सामाजिक आंदोलन था। उन्होंने विधवा-विवाह का समर्थन किया और १९०६ में दूसरा विवाह अपनी प्रगतिशील परंपरा के अनुरूप बाल-विधवा शिवरानी देवी से किया। [10] उनकी तीन संताने हुईं- श्रीपत राय, अमृत राय और कमला देवी श्रीवास्तव। १९१० में उनकी रचना सोजे-वतन (राष्ट्र का विलाप) के लिए हमीरपुर के जिला कलेक्टर ने तलब किया और उन पर जनता को भड़काने का


**आरोप लगाया। सोजे-वतन की सभी प्रतियाँ जब्त कर नष्ट कर दी गईं। कलेक्टर ने नवाबराय को हिदायत दी कि अब वे कुछ भी नहीं लिखेंगे, यदि लिखा तो जेल भेज दिया जाएगा। इस समय तक प्रेमचंद, धनपत राय नाम से लिखते थे। उर्दू में प्रकाशित होने वाली ज़माना पत्रिका के सम्पादक और उनके अजीज दोस्त मुंशी दयानारायण निगम ने उन्हें प्रेमचंद नाम से लिखने की सलाह दी। इसके बाद वे प्रेमचन्द के नाम से लिखने लगे। उन्होंने**

आरंभिक लेखन ज़माना पत्रिका में ही किया। जीवन के अंतिम दिनों में वे गंभीर रूप से बीमार पड़े। उनका उपन्यास मंगलसूत्र पूरा नहीं हो सका और लम्बी बीमारी के बाद ८ अक्टूबर १९३६ को उनका निधन हो गया। उनका अंतिम उपन्यास *मंगल सूत्र* उनके पुत्र अमृत ने पूरा किया।

# അമ്മ

സ്നേഹത്തിൻ നിറകുടമായ് എൻ കൂടെ
എന്നുമെൻ അമ്മ
ജീവിതമാവുന്ന യാത്രയിൽ എൻ  കൂടെ
മിഴിയായ് ഈ ലോകത്തെ കാട്ടുന്ന എൻ അമ്മ
സ്നേഹമാണോ ...വാത്സല്യമാണോ എന്നമ്മക്ക്
എന്നോടെന്നറിയില്ല...പക്ഷെ ഒന്നറിയാം
അതെന്നിലേ...സ്നേഹത്തിൻ കിരണമാണ്
അമ്മതൻ സ്നേഹത്തിനപ്പും മധുരമുള്ളതൊന്നു-
മില്ലെയെൻ ജീവിതത്തിൽ
എൻ കണ്ണിൽ നിന്നു കണ്ണുനീർ വീഴുമ്പോൾ
അമ്മ തൻ മനസ്സ് നിറയുന്നതെനിക്കറിയാം....
എന്തിനും എൻ കുടെ അശ്വസമായ് എൻ അമ്മ...
ജീവിതം മുയുവൻ എന്ന കരങ്ങൾ കൂട്ടിപ്പിടിച്ചെന്നമ്മ
എന്നോടൊപ്പം .....എന്നോടൊപ്പമെൻ അമ്മ
ജിവിതംമുഴവൻ എൻയാത്രയിൽ എന്നെ തനിച്ചാക്കാതെ
എന്നമ്മ.... അതാണെനിക്കെന്റെ അമ്മ

**അക്ഷയ ബി.ആർ 9:B**



## ജീവചരിത്രം

# ചാൾസ് ബാബേജ്

# (1792 – 1871)

ഗണിതശാസ്ത്രജ്ഞൻ.ജനനം-1792 ഡിസംബർ 26-ന് ഡേവണിൽ.ആദ്യത്തെ ഓട്ടോമാറ്റിക് ഡിജിറ്റൽ കമ്പ്യൂട്ടർ ഇദ്ദേഹമാണ് കണ്ടെത്തിയതെന്ന കരുതപ്പെടുന്നു.1812 മുതൽ ഗണിതശാസ്ത്രരംഗത്തു പ്രവർത്തിച്ചു. അനലിറ്റിക്കൽ സൊസൈറ്റി രൂപവത്കരിക്കാൻ മുൻകൈ എടുത്തു. 1816-ൽ ലണ്ടൻ റോയൽ സൊസൈറ്റിയിൽ അംഗമായി. റോയൽഅസട്രോണമിക്കൽസൊസൈറ്റിയും(1820),റോയൽസറ്റാറ്റിസറ്റിക്കൽ സൊസൈറ്റിയും(1834),രൂപവത്കരിക്കുന്നതിന് ഇദ്ദേഹമാണ് പരിശ്രമിച്ചത്. എട്ട ദശാംശസഥാനം വരെ കണക്കാക്കാൻ കഴിയുന്ന ചെറിയ കാൽകുലേറ്റർ ഇദ്ദേഹം നിർമിച്ചു.1823-ൽ 20 ദശാംശസഥാനം വരെ കണക്കാക്കാൻ കഴിയുന്ന ഒരു യന്ത്രസംവിധാനത്തിനു രൂപകൽപന ചെയ്യാൻ ഗവൺമെന്റ് അനുമതി നേടുകയും ചെയ്തു.1828-1239 കാലഘട്ടത്തിൽ കേബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ലകേഷ്യൻ പ്രൊഫസർ ഓഫ് മാത്തമാറ്റിക്സ് ആയി സേവനം അനുഷ്ഠിച്ചു. ഈ സമയത്ത് ഡിജിറ്റൽ കമ്പ്യൂട്ടറിന്റെ ഒരു പ്രാഗ്രൂപം വികസിപ്പിച്ചെടുക്കാൻ പരിപാടി ആവിഷ്കരിച്ചു.എന്നാൽ ഈശ്രമംപൂർത്തിയായില്ല.ഇംഗ്ലണ്ടിന്റെ പോസ്റ്റർസംവിധാനംആധുനികരീതിയിൽവികസിപ്പിക്കുന്നതിനുംപ്രയ ജനപ്പെട്ടു.നിര്യാണം-1871 ഒക്ടോബർ18-ന് ലണ്ടനിൽ.

**അൽത്താഫ് 9B**

# അറിവിന്റെ വെളിച്ചം

കുഞ്ഞാപ്പ ക്ലാസിൽ ഒന്നാമനാണ്.എല്ലാ വിഷയങ്ങളിലും ഒന്നാമത് അവനുതന്നെ .കുഞ്ഞാപ്പുവിനെ വെല്ലുക എന്നതു നിസാരകാര്യമല്ല. കുഞ്ഞാപ്പുവിന്റെ നാലാം വയസ്സിൽ വാപ്പ മരിച്ചു.പിന്നെ അവന്റെയെല്ലാം ഉമ്മയാണ് .പറയത്തക്ക ബന്ധുക്കൾ ആരും ഇല്ല. വാപ്പാന്റെ കുടുബത്തിൽപ്പെട്ട ഒരു വല്യുമ്മയുണ്ട് .ആൾ കുറച്ചു പണകാരിയാ.വാപ്പ കുറച്ചു പണം വാങ്ങിയിരുന്നു.അതുകൊണ്ട് മാസത്തിൽ ഒരിക്കൽ വീടിൽ വരും.മാസവും 750 രൂപയാ പലിശവാങ്ങാൻ. അത്കൊടുക്കാൻ ഉമ്മ അങ്ങോടും ഇങ്ങോടും ഓടും. വല്യുമ്മാന്റെ ഭർത്താവ് പോലീസിൽ ഉയർന്ന നിലവാരത്തിലാണ്. ഇടയ്ക്ക് മൂപ്പറും വരും പണം കുറഞ്ഞു പോയാൽ മൂപ്പർ ദേശ്യം തീരുവോളം ചീത്തപറയും.

കുഞ്ഞാപ്പ ഇപ്പോൾ ഏഴാം ക്ലാസിലാ U.S.S പരീക്ഷ എഴുതി.റിസൽട്ടിനായി കത്തിരിക്കുകയാണ്.L.S.S മികച്ച മാർക്കോടെ പാസായിരുന്നു.

ഇന്ന് U.S.S റിസൾട്ട് വന്നു.താൻ പാസായകാര്യം ടീച്ചറാണ് അവനോട് പറഞ്ഞത്.ഉമ്മാനെ ഇത്അറിയിക്കാൻ അവൻ സമയത്തെ തള്ളിനീക്കി.ലോങ്ങ് ബെല്ല് അടിച്ചപ്പോൾ സ്കൂളിൽ നിന്ന് ആദ്യം ഇറങ്ങിയത് കുഞ്ഞാപ്പുവാണ്

ഓടിക്കിതച്ചു വീട്ടിലെത്തിയപ്പോൾ വീട്ടിൽ ഒരു ആൾ കൂട്ടം. തന്റെ വിജയം അറിഞ്ഞുവരാണ് എന്ന് കുഞ്ഞാപ്പ കരുതി."ഉമ്മാ എനിക്ക് U.S.S കിട്ടി".എന്നു പറഞ്ഞുകൊണ്ട് അവൻ അകത്തേക്ക് ഓടി.ഉമ്മാനെ കാണാനില്ല.ഉമ്മാ എന്നു വിളിച്ചുകോണ്ട് അവൻ ഓടി.കലങ്ങിയ കണ്ണുകളുമായി.ഒരു കൈ അവന്റെ തോളിൽ."അല്ല ആമിനത്താ നിങ്ങളെന്തിനാ കരയണേ" "മോനെ.. മോൻ കരയരുത്.മോന്റുമ്മപോയി" "ഉമ്മ എവിടെ പോയി എന്നോട്ഒന്നും പറഞ്ഞില്ലല്ലോ"എന്ന കുഞ്ഞാപ്പുവിന്റെ ചോദ്യം ആമിൻത്തയെ കരയിച്ചു.മുറ്റത്ത് ആൻബുലന്സ്
വന്നു.കൂടെ പോലീസും."ഉമ്മാ"കുഞ്ഞാപ്പ നിലവിളിച്ചു. ഏക്സിടെന്റാ ണെന്നാണ്

പോലീസ് പറയണെ.ഉമ്മയില്ലാത്ത ആ വീട് കുഞ്ഞാപ്പുവിന് നരഗതുല്യമായിരുന്നു.മൂന്ന് ദിവസം കഴിഞ്ഞപ്പോൾ നാട്ടുകാർ പിരിഞ്ഞു തുടങ്ങി.പിന്നെ എല്ലാവർക്കും കുഞ്ഞാപ്പുവായിമാറി.രണ്ടി ദിവസായി അവൻ ഭക്ഷണം കഴിച്ചിട്ട്.അവസാനം അവന്റെ കാര്യത്തിൽ ഒത്തുതീർപ്പായി വല്യുമാന്റെ കൂടെ നിൽക്കട്ടെ.അവർ തമ്മിൽ ചെറിയ പണമിടപാടുണ്ടല്ലോ.അത്  എങ്ങനെ പരിഹരിക്കാം.വല്യുമ്മാന്റെ വീട്ടിൽ ഒരു ജോലിക്കാർക്കുള്ള വിലപോലും അവനവിടെ ലഭിച്ചില്ല.ഒരു മാസമായി സ്കൂളിൽ പോയിട്ട്."എനിക്ക് പഠിക്കണം.പഠിക്കണം" എന്നുപറഞ്ഞ് കുഞ്ഞാപ്പുകരയുമായിരുന്നു."ഹും അഹങ്കാരി. ഇത്ഞങ്ങളുടെ വീട് മിണ്ടാണ്ട് പാത്രം കഴുകിവക്ക്. എത്രുപണിയുണ്ട്ചെ യ്യാനിന്റെ വാപ്പ രൂപ 5 ഉം 10 ഉം അല്ലതരാനുള്ളത്.രണ്ട് ലക്ഷമാ പഠിപ്പിക്കാൻ നീ ആരാ ഞങ്ങളെ"വല്യുമ്മാന്റെ ഈ വാക്കുകൾ ആഴ് നിറങ്ങിയത് അവന്റെ മനസ്സിലായിരുന്നു .രാത്രി വരാന്തയിൽ കിടന്ന് ഉറങ്ങികൊണ്ടിരിക്കെ വല്ലുമ്മ അവന്റെ അടുത്തേക്കുവന്നു"ടാ നിന്റെ എക്കൗണ്ടിൽ പണം വന്നിട്ടുണ്ട്."എന്തോ L.S.S ഉംU.S.S ഉം അങ്ങനെ എന്തോ വഴിയാണ്. എനിക്ക് നിന്റെ  പണം വേണ്ട നീ തന്നെ വച്ചോ" "വല്യുമ്മ എനിക്ക് പണം വേണ്ട എനിക്ക് പഠിക്കണം" "ഹും ഞാനൊന്ന് ആലോചിക്കട്ടെ വല്യുമ്മ വാതിൽ അടച്ചു. രാവിലെ  കഞ്ഞികഴിച്ചുകൊ ണ്ടിരിക്കെ വല്യുമ്മ  പറഞ്ഞു "അല്ല ചെക്കാ . ആപണം നീ എടുത്താൽ പിന്നെ നിന്റെ വാപ്പാന്റെ കടം എങ്ങനെ വീട്ടും .സ്കൂളും വിട്ട് വന്നപാടെ ജോലിക്ക് പോക്കോണം"."ശരി വല്യുമ്മ ".അവൻ തന്റെ അടച്ച വച്ച പുസ്തകം നിവർത്തി .ഏഴാം ക്ലാസ് വാർഷിക പരീക്ഷ എഴുതി. വിജയിച്ചു. എട്ടാം ക്ലാസ്.പുതിയ സ്കൂൾ,കൂട്ടുകാർ .എല്ലാം വിസ്മയം.വൈകുന്നേരം ജോലിക്ക് പോകുമ്പോൾ തന്റെ പാഠപുസ്തകവും കൈയിൽ വെക്കും.വല്ല്യുമ്മ കടല വാങ്ങി കൊടുക്കും.ടൗണിൽ പോയി അത് വറുത്ത് വിക്കലാണ് ജോലി. ടൗണിലേക്ക് അത്ര ദൂരമൊന്നും ഇല്ല .  ദിവസവും
കിട്ടുന്ന പൈസ വല്യുമ്മാന്റെ കൈയിൽ കൊടുക്കും. അങ്ങനെ പത്താം ക്ലാസ് കഴിഞ്ഞു.10 A+.പതിയെ വല്ല്യുമ്മാക്ക് അവനോട് അസൂയ വച്ചുതുടങ്ങി."എന്റെ ഔദാര്യത്തിൽ പഠിച്ച് എന്നെക്കാൾ ആളവുന്നോ?പഠിച്ചത് മതി " "അതിനു

കഴില്ല എനിക്ക് എൻട്രൻസ് എഴുതണം"എന്ന പറയുമ്പോഴേക്കും വല്യുമ്മാന്റെ മുഖം കനത്തു ."എന്നെ ദിക്കരിച്ച അല്ലേ".

പൊക്കോണം ഇവിടുന്ന് .തുടർന്നുള്ള ജീവിതം കുഞ്ഞാപ്പുവിൻ കഷ്ടത നിറഞ്ഞതായിരുന്നു.പഠിച്ച .അതോടപ്പം അധ്വാനിച്ചു.കുറച്ച കാലം തെരുവിൽ കിടന്നു.തെരുവിലെ വെളിച്ചത്തിൽ പഠിച്ച .പതിയെ ഒരു വീട് വാടകയ്ക്ക് എടുത്തു .തന്റെ ജീവിത വരുമാനം ലാഭകരമല്ല.എങ്കിലും വിധിയെയോർത്ത് ക്ഷമിച്ചു. മൂന്ന് എൻട്രൻസ്എഴുതി താൻ ഒരു പാടു പണം ആവശ്യമാണ് .എവിടുന്ന് തന്റെ കൂട്ടുകാരനോട് തന്റെ വിധിയെ പഴിചാരി അവൻ കരഞ്ഞു."കരയാതെഎന്റെ വാപ്പ ഗൾഫിലാ.. ഞാൻ വാപ്പാനോട് പറയാം .പണം തരാൻ" അലി പണവുമായാണ് തിരിച്ചുവന്നത് .പരീക്ഷ എഴുതി.റിസൾട്ട് വന്നു.1ാം റാങ്ക് കുഞ്ഞാപ്പുവിൻ . തന്റെ വിജയത്തിനുകാരണം അലിയാണ്. കുഞ്ഞാപ്പു അലിയോട് എന്നും കടപ്പാടുള്ളവനായിമാറി.ഭർത്താവ് മരിച്ച് മക്കൾ ഉപേക്ഷിച്ച വല്യുമ്മാനെ തന്റെ കൂടെ ജീവിതം എന്നതിന്റെ അർത്ഥം അറിഞ്ഞു ജീവിച്ചു.

**മെഹസിന ഫാത്തിമഎ.** 8:B

# നിഴൽ

നീ ഇത്രമാത്രം എന്നെ സ്നേഹിച്ചിരുന്നുവെന്ന്
ഞാനറിഞ്ഞിരുന്നില്ല.
ഞാൻ ജനിച്ചതുമുതൽ മരിച്ചതുവരെ
നീ എന്റെ കൂടെയുണ്ടായിരുന്നു;
നീ മാത്രമേ ഉണ്ടായരുന്നു...
നീ എന്റെ കൂടെ നടന്നു,
എന്റെയൊപ്പം കളിച്ചു,
എനിക്കുവേണ്ടി കരഞ്ഞു.
പക്ഷെ......
അന്നൊന്നും നിന്നെ ഞാനറഇഞ്ഞിരുരുന്നില്ല.
മരിച്ചുകഴിഞ്ഞ് കുഴിയിൽ കിടക്കുമ്പോൾ
എന്നെസ്നേഹിച്ചവരുടെ പേരുകളോർക്കുമ്പോൾ
ആദ്യമോർമവന്നത് നിന്റെ പേരാണ്-
എന്റെ നിഴലിന്റെ.

**സ്വാതി ചോല 10.c**

# SPC ക്യാമ്പ് റിപ്പോർട്ട്

s.p.c യുടെ ക്രിസ്തുമസ് അവധിക്കാല ക്യാമ്പ് 27-ാം തിയ്യതി ആരംഭിച്ചു. അന്നേ ദിവസം രാവിലെ മേപ്പയ്യൂർ SI ശ്രീ.യൂസഫ് സാറിന്റെ നേതൃത്വത്തിൽ SPC യുടെ പതാക ഉയർത്തി.10 മണിയോടെ ഉദ്ഘാടനച്ചടങ്ങുകൾ ആരംഭിച്ചു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് .ശ്രീ.കെ.പി.ബിജു ക്യാമ്പ് ഉദ്ഘാടനം ചെയ്തു.SI യുടെ മുഖ്യ പ്രഭാഷണത്തിനു ശേഷം മറ്റ് വിശിഷ്ടാതിഥികൾ സംവാദിച്ചു. ക്ലാസ്സുകളുടെ തുടക്കം എൻ . എം.മൂസക്കോയ സാറിന്റെ ഐസ് ബ്രെയ്ക്കങ് മോട്ടിവേഷൻ ക്ലാസ്സിലൂടെയായിരുന്നു .ശേഷമുള്ള രണ്ട് ദിവസും ഞങ്ങളിൽ പ്രചോദന മുണർത്തുന്നതരത്തിൽ നിരവധി ക്ലാസ്സുകൾ ലഭിച്ചു . അവസാന ദിവസമായ 29-നാം തിയ്യതി സമാനപന ചടങ്ങോടെ ക്യാമ്പിന് അവസാനം കുറിക്കുകയുണ്ടാക്കി സമാപനച്ചടങ്ങ് വടകര DYSP A.P ചന്ദ്രൻ സാറിന്റെ പ്രഭാഷണത്തോടുകൂടി ആരം ഭിച്ചു .സജിസാർ പ്രദീപ് സാർ , ഹരിദാസൻ സാർ , ബാബു സാർ എന്നിവർ സംസാരിച്ചു .SPC ലീഡർ ഹിമ ബി എസ് നന്ദി പ്രകടിപ്പിച്ചു

**ഹിമ ബിഎസ് ,ഫാബി എസ് റസാഖ് ,അനാമിക .സി**

# ക്രിസ്റ്റഫർ ലഥാം ഷോൾസ്

## (കീബോർഡ്)




ആദ്യമായി ടൈപ്പ് റൈറ്റർ കണ്ടുപിടിച്ച അമേരിക്കൻ ശാസ്ത്രജ്ഞനാണ് ക്രിസ്റ്റഫർ ലഥാം ഷോൾഡ് . ഇദ്ദേഹമാണ് ഇന്ന് നാം ഉപയോഗിക്കുന്ന Qwerty കീബോർഡ് കണ്ടു പിടിച്ചത് .പത്രപ്രസാധകനും രാഷ്ട്രീയക്കാരനുമായ ഇദ്ദേഹം Crrin sholes ന്റെയും catherine shole ന്റെയും മകനായി 1819 ഫെബ്രുവരി 14 ന് അമേരിക്കയിലെ പെൻസിൻ വാനിയയിൽ ജനിച്ചു . danville high school-ൽ ആയിരിന്നു പഠിച്ചത് .

"The Father of the type writer എന്നും inventor of the qwerity keyboard" എന്നും അറിയപ്പെടുന്ന ഇദ്ദേഹം 1890 ഫെബ്രുവരി 17 ന് അമേരിക്കയിൽ വെച്ച് മരണമടഞ്ഞു ...

**ആദിൽ മുഹമ്മദ് .പി**

**9:B**

# Student police cadet project

The student police cadet(S.P.C) project is a school-based initiative by Kerala Police,implemented jointly by the department of Home and Education and supported by the department of transport,forest,excise and local self government. The project trains high school students to respect the law , practice discipline and civic sense, and develop empathy for vulnerable sections of society . It also strengthens commitment towards family community and the environment enabling them to resist negative tendencies such as substance abuse,deviant behaviour ,intolerance and social evils.


The project was launched on 2nd August 2010 in 127 high schools across Kerala with 11176 students both boys and girls enrolled as cadets and 254 teachers trained as school level community police officers (CPOS)in 2012. The project was expanded to cover a total of 249 high school across Kerala with a
combined strength of nearly 16,000 SPC and 500 CPOs.
As on November 2018,the project covered 645 schools and more than 96,000 students and 1300 teachers were trained.

The programme has its roots in Janakeeyan ,a community level initiative by Kochi city police in 2006. During the event more than 400 high school students from 30 local schools interacted with police officers ,engaging in wide ranging discussion on community issues and visiting police stations .During these discussions the students expressed a desire to have a
permanent arrangement for ongoing communication with the Police .Accordingly a student police project was launched on an experimental basis on a few selected schools.

Subsequently ,at Kozhikode in January 2010 a squad of specially trained high school students was entrusted with the responsibility of crowd management at Kerala school youth management at Kerala school youth festival, Asia's largest youth focussed culturl festival involving more than

10.000 participants .
Following the successful execution of this task by the cadets ,and in light of the successful stories from implemented schools ,a detailed proposal for a state wide school based training programme was prepared under the guidance of Sri: Jacob Punnoos IPS (DGP Kerala) and submitted to the Goverment of Kerala.

**ലത്തീഫ് വി.പി**



# സമർപ്പണം

ജീവൻ തുടിപ്പായ് പിറന്ന മനുഷ്യൻ
അന്ത്യ തുടിപ്പായ് ഇന്നു നിത്യം
കാർഷിക വേരിൽ മുളപൊന്തി വന്നു
കാശിന്റെ പേരിൽ മണ്ണടിയുന്നു.
മരണ വില്ലരായി വന്ന ചെകുത്താരും
ഫെയ്സ് ബുക്ക് എന്നൊരു മുഖപുസ്തകത്തിൽ
ആനനം നന്നേ കാവലായി.
വൃദ്ധർക്ക് താങ്ങലായ് മാറിട്ടും കുത്തുവടിതൻ
ചിഹ്നം പേറുന്ന ഫെയ്സ് ബുക്ക്
തൻ മെയ്യ് നന്നേ സമർപ്പിച്ച കീഴടങ്ങും
ഒരു കുറ്റവാളിയോ മാനുഷം
ഹരിതമാം വർണങ്ങൾ പേറുന്ന പ്രകൃതി തൻ
പര്യായമോ ഒരു വാട്സ് ആപ്പ്
അന്ത്യമാം സ്പ്നം സാക്ഷാത്കരിക്കാൻ
തൻ പ്രൗഢി വാനിലുയർത്താൻ
നിത്യവും കർമ നിരതനായി ചെയ്യുന്നു
നീതിപീഠമാം മനസാക്ഷിക്കു മുന്നിൽ
എന്തിന്നു നമ്മുടെ ജീവിതം ഒരു നുള്ളു
ഉപ്പുപോലായി തീർന്നിടുന്നു!
മധുരിമയാർന്നൊരു ജീവിതം ദൃഷ്ടിയിൽ
എന്തിന്നു ദാർഷ്ട്യമായി തീർന്നിടുന്നു.
ഒരു പെട്ടിക്കുടിലെ വില്ലരും നമ്മുടെ
ജീവിതം കാർന്നു തിന്നിടുന്നു.
ഒരു പുച്ഛഭാവം ചൂണ്ടിടുന്നു ഞാൻ
നിങ്ങൾതൻ മനസാക്ഷിക്കു മുന്നിൽ!

**അനാമിക.സി 9.A**


# ഓർക്കുക വല്ലപ്പോഴും

എറിയുമ്പോൾ അറിയാതെയും
അറിയുമ്പോൾ എറിയാതെയും
ഓർക്കുക വല്ലപ്പോഴും
ഒരു ദ്രുപദ്ക്കും അതിന്റേതായ മൂല്യമുണ്ടെന്ന്......

**സാരംഗ്.സി.പാലാട്ട്**



# ഡഗ്ലസ് ഏംഗൽബർട്ട്



ഇന്നത്തെ കമ്പ്യൂട്ടറുകളിലെ പ്രധാനപ്പെട്ട ഒരു ഇൻപുട്ടാണ് ഡിവൈസ് ആയ മൗസിന്റെ പിതാവായ ഡഗ്ലസ് ഏംഗൽബർട്ട് 1925-ജനുവരി 30 ന് അമേരിക്കയിലെ ഒറിഗണിൽ ജനിച്ചു.യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ ബർക്കിലിയാണ് ഇദ്ദേഹം വിദ്യാഭ്യാസത്തിനായി തിരഞ്ഞടുത്ത സ്ഥാപനം.ട്യൂറിങ് അവാർഡ് കരസ്ഥമാക്കിയ ഇദ്ദേഹം 2013-ൽ ജൂലൈ 2 ന് അമേരിക്കയിലെ കാലിഫോർണിയയിൽ വച്ച് മരണപ്പെട്ടു.

**ആദിൽ മുഹമ്മദ്.പി**

# അവൾക്ക് പറ്റിയ അമളി

ഒരു കാലത്ത് ഒരു കൊച്ചുഗ്രാമത്തിൽ മുത്തശ്ശിയും മുത്തശ്ശനും മകനും ഭാര്യയും പേരക്കുട്ടികളും അടങ്ങുന്ന ഒരു കൊച്ചുകുടുംബമുണ്ടായിരുന്നു.മകനും ഭാര്യക്കും മുത്തശ്ശനെയും മുത്തശ്ശിയെയും ഒരു വകയ്ക്കും കണ്ടുകൂട. ഒരു ദിവസം ഭാര്യ ഊണ് ഉണ്ടാക്കി.മുത്തശ്ശിക്കാണെങ്കിൽ വളരെ പ്രയാസമുള്ള പണിയൊന്നും ചെയ്യാൻ കഴിയില്ല. അങ്ങനെയിരിക്കെ ആ ഭാര്യ മുത്തശ്ശനും മുത്തശ്ശിക്കും ഊണ് ഉണ്ടാക്കിയില്ല.മുത്തശ്ശിയും മുത്തശ്ശനും ഊണുണ്ണാൻ ഇരുന്നപ്പോൾ അവരെ അവിടെ നിന്നും എഴുന്നേൽപ്പിച്ചു."പൊയ്ക്കോ .ഒരു പണിയുമെടുക്കുകയുമില്ല;എന്നിട്ടിപ്പോൾ തിന്നാൻ വന്നേക്കുന്നു.ഉം."അവൾ ഉയർന്ന സ്വരത്തിൽ പറഞ്ഞു."മോളേ എനിയ്ക്ക് വയ്യാത്തതുകൊണ്ടല്ലേ പ്രായം കൂടി വരുകയല്ലേ."ആ മുത്തശ്ശി പറഞ്ഞു."എന്ത് തന്നെ പറഞ്ഞാലും ഞാൻ തരില്ല.അങ്ങനെ അന്ന് ഒന്നും കഴിയാതെ മുത്തശ്ശിയും മുത്തശ്ശനും ഒരു രാത്രി മുഴുവൻ കഴിച്ചു കൂട്ടി ആകുടുബത്തിലെ ആകെ ഒരു വരുമാനം ആ ഒരു മകനായിരുന്നു. മകനും തിരിഞ്ഞു നോക്കിയില്ല അവരെരണ്ടു പേരെയും.മുത്തശ്ശിയും മുത്തച്ഛനും അവരുടെ ജീവിതം കഴിച്ചു കൂട്ടുന്നത് പച്ചക്കറി കൃഷിയും പഴത്തോട്ടവും ഉണ്ടായിരുന്നു.ആ വിളകൾ വിറ്റ് കിട്ടുന്ന തുക കൊണ്ടായിരുന്നു അവർ ജീവിച്ചിരുന്നത്. പഴങ്ങളൊക്കെ അവർ അവരുടെ പേരക്കുട്ടികൾക്ക് കൊടുക്കും എന്നിട്ട് പറയും "മക്കളെ ഇത് ഞങ്ങൾ തന്നതാണെന്ന് നിങ്ങളുടെ അമ്മയും അച്ഛനും അറിയണ്ട അറിഞ്ഞാൽ നിങ്ങളെ വഴക്കു പറയും".അങ്ങനെയിരിക്കെ ഒരു ദിവസം മുത്തശ്ശിയെയും മുത്തച്ഛനെയും ഉപേക്ഷിച്ച് അവർ വേറെ വീട്ടിലേക്ക് പോയി. മുത്തശ്ശനും മുത്തശ്ശിയും ആകെ സങ്കടത്തിലായി. പേരക്കുട്ടികൾ ഉള്ളപ്പോൾ കുറുമ്പും കുസൃതികളും കാട്ടി കഴിയാമായിരുന്നു പക്ഷെ.......

ഒരു ദിവസം അവരുടെ മകൻ വീണ് കാലുപൊട്ടി എന്ന ഒരു വാർത്ത മുത്തശ്ശിയും മുത്തച്ഛനും അറിഞ്ഞു.അവർക്ക് കഴിയാൻ പണമൊന്നുമില്ലത്രെ .ആകപ്പാടെ ദുരന്തത്തിലാണ്.വഴിയാത്ത മുത്തച്ഛനും മുത്തശ്ശിയും പോയി കുറെ പഴങ്ങളും പച്ചക്കറികളും പറിച്ച് വിറ്റ് പണം വാങ്ങി എന്നിട്ട് അവൾ താമസിക്കുന്നിടത്ത് പോയി... "ഉം വരുന്നുണ്ട് നിങ്ങളുടെ അമ്മ വന്നിട്ട് കുശലം പറയാനായിരിക്കും." "അല്ല മോളേ നിങ്ങളെ കാണാൻ വന്നതാ...."ആ മുത്തശ്ശി ദയനീയമയി പറഞ്ഞു.

"എന്തിന്,ഈ കിടത്തം കണ്ടിട്ട് ചിരിക്കാനാണോ.?"അല്ല നിങ്ങൾക്ക് ഇപ്പോൾ തീരെ വയ്യ എന്ന് പറയുന്നതു കേട്ടു.അതുകൊണ്ട് കുറച്ച് പണവും,പഴങ്ങളും,പച്ചക്കറികളും കൊണ്ടു വന്നതാ."വാത്സല്യനിധിയായ ആ അമ്മ പറഞ്ഞു.അതു കേട്ടതും ഭാര്യയുടെ കണ്ണുകൾ നിറയാൻ തുടങ്ങി.....കുറ്റബോധവും സന്തോഷവും കൊണ്ട് ഓടിപ്പോയി അമ്മയെ കെട്ടിപ്പിടിച്ചു."അമ്മ എന്നോട് ക്ഷമിക്കണം, ഞാൻ ഒരു പാട് തെറ്റുകൾ അമ്മയോട് ചെയ്തിട്ടുണ്ട്,അരുതാത്തത് പറഞ്ഞിട്ടുണ്ട് അമ്മ എന്നോട് ക്ഷമിക്കണം." "സാരമില്ല മോളേ നീ നിന്റെ അറിവില്ലായ്മകൊണ്ട് ചെയ്തതല്ലേ.നീ ഞങ്ങളെ രണ്ടു പേരെയും നന്നായി നോക്കിയാൽ മതി".അപ്പോഴേക്കും അവർ താമസിക്കുന്നിടത്തുള്ള വണ്ടിക്കാരൻ വന്നു."എനിക്കെന്റെ കാശു താ......രണ്ടു മാസത്തേതാ നിങ്ങൾ തരാനുള്ളത്."അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു.അമ്മ പറഞ്ഞു"നീ കരയണ്ട മോളേ,ഞാൻ കൊണ്ടു വന്ന പണം കൊടുക്കാം."അവൾ ആ പണം കൊടുത്തു".എന്നിട്ട് മുത്തശ്ശി പറഞ്ഞു "വാ നമുക്ക പോകാംനമ്മുടെവീട്ടിലേക്ക്ഇനിഅവിടെകഴിയാംനമുക്ക്ഒന്നിച്ച്ഒരുമയോടെ....." അപ്പോൾ അവൾ ചോദിച്ചു "ഞാൻ നിങ്ങൾക്ക് ഒന്നും തരാതെ പട്ടിണി കിടത്തിയപ്പോൾ എങ്ങനെയായിരുന്നു കഴിഞ്ഞിരുന്നത്." "ഞങ്ങൾക്ക് ഒരു തോട്ടമുണ്ടായിരുന്നു.അതിൽ നിന്നും ലഭിക്കുന്ന വിളകൾ കൊണ്ടായിരുന്നു കഴിഞ്ഞിരുന്നത്.അതായിരുന്നു ഞാൻ മക്കൾക്ക് കൊടുക്കാറുള്ളതും............" അവൾ അമ്മയെ കെട്ടിപ്പിടിച്ചു.അവർ സ്നേഹത്തോടെ കഴിഞ്ഞു.മുത്തശ്ശിയും മുത്തശ്ശനും അവർക്ക് അവരുടെ തോട്ടം കാണിച്ചു കൊടുത്തു.അതൊക്കെ ഭക്ഷിച്ച് അവർ സന്തോഷവാന്മാരായി.അങ്ങനെ നിശബ്ദമായിരുന്ന ആ വീട് കുറുമ്പും കുസൃതിയും സ്നേഹവും സന്തോഷവും നന്മയും നിറഞ്ഞ ഒരു വീടായി മാറി.

**സ്നിക്ത**

**8.C**




# ഇത് ജീവിതമോ....?

## ജീവന്റെ തേങ്ങലോ...?

കൊടിയ പാപങ്ങൾക്കുമപ്പുറം ഞാനുണ്ടായിരുന്നു
സുഗന്ധം വമിക്കാത്ത ഒരു കാട്ടുതെച്ചിയെ പൊലെ .....
കുടിച്ച കണ്ണുനീരിന്റെ കണക്കുപറയാതെ
അഗ്നിയിൽ വെന്ത എന്റെ ഹൃദയം
'വീണ്ടും'
കാൽച്ചുവട്ടിൽ മറ്റൊരു മനുഷ്യജന്മത്തിനായി......
ചവറ്റുകുനയിൽ ഞനെറിഞ്ഞ
'എന്റെ മനസ്സും '
കാലത്തിന്റെ നീണ്ട വഴിയിൽ
ശ്വാസം കിട്ടാതെ പിടയുന്ന ഞാൻ
' എന്റെ നാദവും ചോദിക്കുന്നു'
ഇത് ജീവിതമോ .......?
ഇത് തേങ്ങലോ.......?

**സനപ്രിയ & ആര്യ**
**8:A**

# കുഞ്ഞുണ്ണി മാഷ്



മലയാളത്തിലെ ആധുനിക കവികളിലൊരാളാണ് കുഞ്ഞുണ്ണിമാഷ് (മേയ് 10, 1927 - മാർച്ച് 26, 2006)[1]. ദാർശനിക മേമ്പൊടിയുള്ള ഹ്രസ്വകവിതകളിലൂടെ ശ്രദ്ധേയനായി. ബാലസാഹിത്യ മേഖലയിൽ ഇദ്ദേഹത്തിന്റെ സംഭാവനകൾ വ്യാപകമായ അംഗീകാരം നേടിയിട്ടുണ്ട്. ഇക്കാരണത്താൽ കുട്ടിക്കവിതകളാണ് കുഞ്ഞുണ്ണിമാഷിന്റെ സവിശേഷത എന്ന ധാരണ വേരുറച്ച് പോയിട്ടുണ്ട്.ഞായപ്പള്ളി ഇല്ലത്തെ നീലകണ്ഠൻ മൂസതിന്റെയും അതിയാരത്തു നാരായണി അമ്മയുടെയും മകനായി 1927 മേയ് 10-ന് കുഞ്ഞുണ്ണിമാഷ് ജനിച്ചു[2]. ചേളാരി ഹൈസ്കൂളിൽ അദ്ധ്യാപകനായി തന്റെ ഔദ്യോഗികജീവിതം ആരംഭിച്ച കുഞ്ഞുണ്ണിമാഷ് തന്റെ ജീവിതത്തിന്റെ സിംഹഭാഗവും കോഴിക്കോട്ടാണ് ചെലവഴിച്ചത്. 1953-ൽ കോഴിക്കോട് ശ്രീരാമകൃഷ്ണാ മിഷൻ ഹൈസ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. 1982-ൽ അദ്ധ്യാപനരംഗത്തുനിന്ന് വിരമിച്ചു. 1987-ൽ സ്വദേശമായ വലപ്പാട്ടേക്ക് തിരിച്ചുപോകുകയും തൃശ്ശൂരിൽ സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു.കുഞ്ചൻ നമ്പ്യാരുടെ ഭാഷാശാസ്ത്രമാണ് കുഞ്ഞുണ്ണിമാഷിനെ ഏറെ സ്വാധീനിച്ചത്. കുട്ടിക്കാലത്ത് ഏറേയും വായിച്ചത്

കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളായിരുന്നു.സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് തുള്ളക്കഥകൾ എഴുതി സ്വയം അവതരിപ്പിച്ചിരുന്നു.പത്താം തരം കഴിഞ്ഞ സമയത്ത് യുഗപ്രപഞ്ചം എന്ന തുള്ളലെഴുതി കവിയായി അറിയപ്പെട്ടുതുടങ്ങി.മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ബാലപംക്തിയിൽ കുട്ടേട്ടൻ എന്ന പേരിൽ എഴുതിയിരുന്നു. എഴുതിത്തുടങ്ങുന്നവർക്ക് വഴികാട്ടിയായി അദ്ദേഹം നല്കിയ നിർദ്ദേശങ്ങൾ വളരെ വിലപ്പെട്ടതായി കുട്ടികൾ കണക്കാക്കിയിരുന്നു. മലയാളത്തിലെ പല എഴുത്തുകാരെയും കൈപിടിച്ച് വളർത്തിക്കൊണ്ടുവന്നത് കുഞ്ഞുണ്ണിമാഷാണ്.ഭാഷാശുദ്ധി കുഞ്ഞുണ്ണിമാഷുടെ പ്രധാനപ്പെട്ട പരിഗണനയായിരുന്നു. എങ്ങനെ ലളിതവും വ്യക്തവുമായ ഭാഷയിൽ എഴുതാം എന്നു വ്യക്തമാക്കുന്ന മാഷുടെ കുറിപ്പുകൾ കുട്ടികൃഷ്ണമാരാരുടെ മലയാള ശൈലിയോട് ചേർത്തു വെക്കാവുന്നവയാണ്. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ എന്നിവയിൽ പ്രകടമാകുന്ന ഭാഷാസ്വരൂപവും കാവ്യഭാവനയും അദ്ദേഹം എടുത്തുകാട്ടി. നമ്പൂതിരിഭാഷയും ഫലിതവും മാഷ് പഠനവിധേയമാക്കിയ മറ്റൊരു വിഷയമാണ്.കുഞ്ഞുണ്ണിക്കവിതകളും ബാലകവിതകളും വേർതിരിയുന്ന അതിർവരമ്പ് നേർത്തതാണ്. അതിനാൽ അദ്ദേഹത്തെ പലപ്പോഴും ബാലസാഹിത്യകാരനായാണ് പരിഗണിക്കപ്പെട്ടത്. ബാലസാഹിത്യം അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പ്രവർത്തനരംഗവുമായിരുന്നു. വലപ്പാട്ടുള്ള അതിയാരത്തുവീട്ടിൽ കുട്ടികൾ മാഷെ തേടിയെത്തുക പതിവായിരുന്നു. കുട്ടികളുമായി സല്ലപിക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്യുന്ന ഒരു അപ്പൂപ്പനായി വാർദ്ധക്യകാലത്ത് അദ്ദേഹം കഴിഞ്ഞു. പോസ്റ്റു കാർഡുകളിൽ കുട്ടികളുടെ കത്തുകൾക്കു മറുപടിയും കുട്ടികളുടെ സാഹിത്യ സൃഷ്ടികൾക്കു തിരുത്തലുകളും അദ്ദേഹം അയച്ചു.തന്റെ പൊക്കമില്ലായ്മയെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു. പൊക്കമില്ലായ്മയാണെന്റെ പൊക്കം.


Ateeta
VIII.C


IX.B - Adith C.S

# കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാൻ നിന്നെ നമ്മൾ തൻ...
ആ ഇടവഴി പാതയിൽ
മെയ്  മാസപ്പൂക്കൾ വീണുകിടക്കുമാ മനോഹര ഇടവഴിൽ
ആ ഓർമ്മതൻ മനോഹരിതയിൽ
എന്നെ ഏകയാക്കി നീ തനിച്ച് നടന്നപ്പോൾ
നമ്മൾ തൻ ഓർമ്മതൻ സ്വർഗലോകത്ത്
ഞാൻ ഇന്നും നിന്നെയും കാത്ത് നിൽപ്പൂ
ഒരിക്കൽ നീ വരുമെന്ന പ്രത്യാശയിൽ
നിന്നെ കാത്തിരിപ്പൂ ഞാൻ ....
വിടപറയാതെ നീ എന്നിൽ നിന്നകന്നപ്പോൾ
നമ്മൾ തൻ ഇടവഴിയിൽ മെയ് മാസപ്പൂകളോടൊപ്പം
ഇന്നും ഞാൻ തനിച്ചു നിൽക്കുന്നു .
നിൻ വേർപ്പാടിൻ അല്ലൽ ഇന്നുമെൻ കാത്തിരിപ്പാണ്
കാത്തിരിപ്പൂ ഞാൻ നിന്നെ ...........കാത്തിരിപ്പൂ.....

**അക്ഷയ .ബി .ആർ**

# കടംകഥകൾ

1.കറുത്ത വയലിൽ വെളുത്തവിത്ത്

നക്ഷത്രങ്ങൾ

2. പാൽപ്പുഴയിൽ കരിമീൻ

കണ്ണ്

3. വടിയെടുത്താൽ പായും കാള

വഞ്ചി

4. കാലിൽ പിടിച്ചാൽ തോളിൽ കയറും

കുട

5. കാലുപിടിക്കുന്നവന്റെ രക്ഷകൻ

കുട

6. കാറ്റത്തോടും കുടവയറൻ

ബലൂൺ

7. മലയിൽ നട്ടവാഴ കടലിൽ കുലച്ചിറങ്ങി

സൂര്യൻ

8. നേടാൻ പാട് നേടിയാൽ ഉറക്കം കമ്മി

പണം

9. നാലു പെരുക്കുടി ഒന്നായിവെറ്റില

**അവന്തിക.**

# ഉള്ളൂർ .എസ് .പരമേശരയ്യർ

ആധുനിക കവിയത്രയത്തിൽ ഒരാളായ ഉള്ളൂർ 1877 ജൂൺ5 ന് ജനിച്ചു .ഉള്ളൂർ എന്നറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ മുഴുവൻ പേര് ഉള്ളൂർ എസ് പരമേശരയ്യർ എന്നതാണ് . കവി എന്നതിലുപരി സാഹിത്യചരിത്ര ക്കൻ , ഗവേഷകന്റെ എന്നീ നിലയിലാണ് ഉള്ളൂരിന് കൂടുതൽ പ്രശസ്തി . മാത്രമല്ല സംസ്കൃത പണ്ഡിതൻ കൂടിയാണ് അദ്ദേഹം . ഉജ്ജ്വല ശബ്ദാഢ്യൻ , ഉല്ലേഖപ്രിയൻ എന്നിങ്ങനെയെല്ലാം അറിയപ്പെടുന്ന ഇദ്ദേഹം കൊച്ചിഭാഷാപരിഷ്കരണ കമ്മിറ്റി അംഗവും സർവ്വോപരി സാഹിത്യ പരിഷ്ത്തിന്റെ അംഗനിലയവുമാണ് .ഗദ്യകാരൻ ,വ്യാഖ്യാതാവ് എന്നീ നിലകളിലും അദ്ദേഹം ഉത്കൃഷ്ടമായ സാഹിത്യ ചരിത്രം ,പിംഗള ,ഭക്തി ദീപിക,ഉമകേരളം എന്നീ മഹാ കാവ്യങ്ങളും രചിച്ചു .

കർണഭൂഷണം , ചിത്രശാല,തരംഗിണി എന്നിവ ഉള്ളൂരിന്റെ പ്രധാന കൃതികളാണ് .കൂടാതെ കൽപ്പശാഖി കവിതാ സമാഹാരവും . മലയാളഭാഷയ്ക്കും സാഹിത്യത്തിനും നിസ്തുല സംഭാവനകൾ നൽകിയ പ്രതിഭാഷാലിയായ മഹാകവി കവിതകളിലൂടെ മാനവരാശിയുടെ ജീവിതത്തെയാണ് വരച്ച് കാണുന്നത് .1949 ജൂൺ 15 ന് ഇഹലോകവാസം വെടിഞ്ഞു.

**നൈതിക സർഗ**

# രാജ്യവും രാജ്യസ്നേഹവും

ബഹുമാനപ്പെട്ട ഗുരുനാഥൻമാരെ പ്രിയ സഹപാഠികളേ,

സമകാലിക സമൂഹത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന വിഷയത്തെക്കുറിച്ചാണ് ഞാൻ പറയുവാൻ പോവുന്നത് .

ഒരു ഇന്ത്യക്കാരൻ എന്നനിലയിൽ നാമിന്ന് അഭിമാനിക്കുന്നുണ്ടോ? വലിയവലിയ തൊഴിൽ സാധ്യതകൾ ഇന്ത്യയിൽ നിലനിലിക്കുമ്പോൾ നാമെന്തിന് വിദേശത്ത് കുടിയേറണം?അവിടുത്തെപൗരത്വം സ്വീകരിക്കണം?അതെഎന്റെ പ്രസംഗ വിഷയം രാജ്യവും രാജ്യസ്നേഹവും എന്നതാണ്. സംസ്കൃതത്തിൽ ഒരു ശ്ലോകമുണ്ട്-"ജനനി ജന്മഭൂമിശ്ച സ്വർഗാതപി ഗരിയസി" ഇതിന്റെ പൊരുൾ നമ്മുടെ അമ്മയും നമ്മുടെ ജന്മഭൂമിയും സ്വർഗത്തെക്കാൾ ശ്രേഷ്ഠമാണ് എന്നു തന്നെയാണ്.രാജ്യസ്നേഹം ഉണ്ടാവണമെങ്കിൽ ആദ്യം നാംമാതൃരാജ്യത്തെക്കുറിച്ച് അറിയണം. എന്നാൽ മാതൃദേശത്തെ ശരിയായി മനസ്സിലാക്കാതെ മറ്റുരാജ്യങ്ങളെക്കുറിച്ച് ആഴത്തിൽ അറിയുന്നവരുംനമ്മുടെ കൂട്ടത്തിൽ ഉണ്ട് "ഇക്കരെ നിന്നാൽ അക്കരെ പച്ച" എന്നല്ലോ!

പുരാതനകാലം മുതൽ തന്നെ ലോകരരാജ്യങ്ങൾക്കിടയിൽ ഭാരതം പലമേഖലയിലും തനതായ ഖ്യാതി നേടിയെടുത്തിട്ടുണ്ട് എന്നാൽ ഇന്ത്യയിൽ നിലനിന്ന പല അനാചരങ്ങളും അനഭിലാഷനീയ പ്രവണതകളും ഇന്ത്യയെ പിന്നോട്ടടുപ്പിച്ചു .നിങ്ങൾക്കറിയാമോ ബുദ്ധിയുടെ കളി എന്നറയപ്പെടുന്ന ചെസ്സ് ആരംഭിച്ചത് ഇന്ത്യയിലാണ്.രാജഭരണകാലത്ത്ചതുരംഗം എന്ന പേരിലായിരുന്നു ചെസ്സ് രാജക്കൻമാർക്കിടയിൽ നിലനിന്നത്.മാത്രവുമല്ല ഇന്ത്യ ലോകത്തിനു നൽകിയ മറ്റൊരു മഹത്തായ സംഭാവനയാണ് പത്ഞ്ജലി മഹർഷിയുടെ യോഗ.

പകലിന് ഏറ്റവും ദൈർഘ്യം കൂടിയ ദിവസമായ ജൂൺ 21 ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശപ്രകാരം അന്താരാഷ്ട്രയോഗാ ദിനമായി ആചരിക്കുന്നു.ഇന്ന് ഇന്ത്യയും ചൈനയുമടക്കം 175 ൽപരം രാജ്യങ്ങൾ യോഗാദിനം ആചരിക്കുന്നുണ്ട്. ഇറാഖ്,ഇറാൻ,സൗദി തുടങ്ങിയ അറബ് രാഷ്ട്രങ്ങൾ പോലും ജാതി-മത-ഭേദമന്യേ യോഗാദിനം ആചരിക്കുന്നു എന്നത് വാസ്തവം തന്നെ അവരെല്ലാം ഭാരതത്തെ വണങ്ങി എന്നു തന്നെ സാരം

കൂടാതെ വാത്മീകിയുടെ കരങ്ങളാൽ രചിക്കപ്പെട്ട ആദികാവ്യമെന്നു

വിശേഷിപ്പിക്കുന്ന രാമായണം മുതൽ വേദങ്ങൾ,ഉപവേദങ്ങൾ,ഉപനിഷത്തുകൾ, മഹാഭരതം,ഭഗവത്ഗീതം തുടങ്ങിയവ ഒട്ടേറെ സാഹിത്യകൃതികൾ ഭാരതത്തിന്റെ സംഭാവനയാണ്.പൂജ്യം കണ്ടുപിടിച്ചതും ഭാരതീയരാണ്.റൈറ്റ് സഹോദരൻമാർ വിമാനം കണ്ടുപിടിക്കുന്നതിനുമുൻമ്പു തന്നെ ഭാരത്തിൽ പുഷ്പ്പകവിമാനം ഉപയോഗിച്ചിരുന്നു.അങ്ങനെ ശാസ്ത്രസാങ്കേതിക-ഗണിതശാസ്ത്ര രംഗങ്ങളിലും നാം കീർത്തി നേടിയെടുത്തു. പ്രതിരോധരംഗങ്ങളിലും ഇന്ത്യ പിന്നോട്ടല്ല.വ്യോമ-നാവികസേനകളിൽ ഇന്ത്യയുടെ സ്ഥാനം നാലും;കരസേനയിലാവട്ടെ അംഗബലത്തിൽ രണ്ടാം സ്ഥാനവും.അധികം താമസിയാതെ തന്നെ കര-നാവിക-വ്യോമ സേനകളിൽ തന്നെ ഇന്ത്യ ഒന്നാം സ്ഥാനത്തെത്തും;തീർച്ച. ശത്രുവിന്റെ നെഞ്ചു പിളർക്കുന്ന ആയുധം നമ്മുടെ പക്കലുണ്ട്.അഗ്നിയുടെ 6-പതിപ്പെന്ന് വിശേഷിപ്പിക്കുന്ന 16000 കി.മീ. ശേഷിയുള്ള സൂര്യമിസൈൽ അണിയറയിൽ തയറായികൊണ്ടിരിക്കുന്നു! മാത്രമോ ലോകത്തിലെ ഏക സൂപ്പർ സോണിക് ക്രൂസ് മിസൈൽ ആയ ബ്രഹ്മോസ് ഇന്ത്യയ്ക്ക് സ്വന്തം. ത്രിതല അണ്വായുധ വാഹകശേഷി ഇതിനുണ്ട്.1962 ൽ പഞ്ചശീലതത്ത്വങ്ങൾകാറ്റിൽ പറത്തി ഇന്ത്യയ്ക്കെതിരെ ചൈനയുദ്ധം പ്രഖ്യാപിച്ചപ്പോൾ, ഇന്ത്യൻ സൈന്യം തിരിച്ചടിക്കാത്തത് ചൈനയുടെ ഭാഗ്യമെന്നു വേണം കരുതാൻ.അല്ലെങ്കിൽ അതൊരു മൂന്നാം ലോകമഹായുദ്ധമായി പരിണമിച്ചേനെ.എങ്കിലും ഇത്രയും ശക്തിയുള്ള ഭാരതം ലോകസമാധാനം ആഗ്രഹിക്കുന്നു."ലോകാ: സമസ്താ: സുഖിനോ ഭവന്തു"എന്നത് ഭാരതീയരുടെ പ്രർത്ഥന തന്നെയാണല്ലോ.

വികസിത രാജ്യങ്ങൾ തെറ്റായ മാർഗങ്ങളിലൂടെ സമ്പത്ത് നിലനിർത്തുമ്പോൾ ഇന്ത്യ ഭീകരവാദം തുടച്ചു നീക്കി ലോകത്തിലെ 6-മത്തെ സാമ്പത്തികശക്തിയായി മാറിയിരിക്കുന്നു.താമസിക്കാതെ ജപ്പാനെ പിന്തള്ളി ഇന്ത്യ മൂന്നാമത്തെ സാമ്പത്തികശക്തിയായ് മാറും.

2022-ൽ ശാസ്ത്ര-സാങ്കേതിക രംഗത്തെ സ്വയം പര്യാപ്തത പ്രഖ്യാപിച്ചുകൊണ്ട് ഭാരതത്തിന്റെ മക്കൾ ആകാശവും കീഴടക്കും.അന്നു നാം നിസ്സംശയം പറയും."ഇന്ത്യക്കാരനായതിൽ ഞാൻ അഭിമാനിക്കുന്നു."

**സാരംഗ് .സി. പാലാട്ട്**

# മൂകസാക്ഷി

എങ്ങുപോയെൻ നീതിപീഠമേ
എങ്ങുപോയി നിൻ മനസാക്ഷി
പാവമാം ബാലികയെ പിച്ചി-
ച്ചീന്തിയ ക്രൂരനെ നീ സംരക്ഷി-
ക്കുകയല്ലേ നീ ചെയ്തത്

ആ അമ്മ തൻ കണ്ണീരിന് നീ
ഒരിക്കൽ വൻവില കൊടുക്കേണ്ടിവരും
എന്നെങ്കിലൊരിക്കൽ ഈ
കൊടും ക്രൂരതയ്ക്ക് കൂട്ടു
നിന്നതോത്ത്
നീ പശ്ചാത്തപിക്കും
തീർച്ച.....

-അനശ്രീ.പി.പി 10.A

# സ്കൂൾ തല പരിപാടികൾ




SPC സമ്മാനദാനം



JRC യോഗം





# ഗൃഹസന്ദർശനം




# ദുരിതാശ്വാസഫണ്ടിലേക്ക് 10,000 രൂപ SPC നൽകുന്നു




2 കോടി പദ്ധതി ഉദ്ഘാടനം



പുസ്തക പയറ്റ്



SSLC മോട്ടിവേഷൻ ക്ലാസ്

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ

## ജി. എച്ച്  എസ് എസ് ആവള കുട്ടോത്ത്

